25 years

ORTHODOX SYRIAN CHURCH
KANDANAD EAST DIOCESE

Kandanad

Diocesan
BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 5 No. 3, 15 March 2017

എഡിറ്റോറിയൽ

# തിരുത്തോ? എന്തിന്?

**ഞ**ങ്ങൾ ഡയോസിസൻ ബുള്ളറ്റിൻ അയയ്ക്കുന്നതിനുള്ള പണിയിലായിരുന്നു. എന്നോടൊപ്പം രണ്ടു ചെറുപ്പക്കാരുമുണ്ട്. അവർ രണ്ടുപേരും മൂവാറ്റുപുഴ അരമനയിൽ താമസിച്ച് കോളേജ് പഠനം നടത്തുന്നവരാണ്. അരമനപ്പള്ളിയിൽ ശുശ്രൂഷകൾക്ക് അവർ പങ്കുചേരുന്നു. ഭദ്രാസനത്തിലെ മറ്റു പള്ളികളിൽ ഏതിലെങ്കിലും ശുശ്രൂഷക്കാരുടെ കുറവു വന്നാൽ അവർ പോയി സഹായിക്കാറുണ്ട്. അങ്ങനെപോകുമ്പോൾ അരമനപ്പള്ളിയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കുർബ്ബാനക്രമമാണ് അവർ ഉപയോഗിക്കാറുള്ളത്. അവരിൽ ഒരു പയ്യൻ എന്നോടു പറഞ്ഞു, “സാറേ, കഴിഞ്ഞ ഞായറാഴ്ച ഞാൻ ശുശ്രൂഷയ്ക്കു പോയ പള്ളിയിലെ അച്ചൻ എന്നെ താക്കീതു ചെയ്താണ് വിട്ടിരിക്കുന്നത്. ശ്രേഷ്ഠാനുമതിയില്ലാത്ത കുർബ്ബാനക്രമം വി. മദ്ബ്ഹായിൽ ഉപയോഗിച്ചുകൂടാ പോലും! ഇനി ആവർത്തിച്ചാൽ മദ്ബ്ഹായിൽ നിന്ന് ഇറക്കിവിടുമെന്ന് മുന്നറിയിപ്പും നൽകിയിട്ടുണ്ട്.”

ഇതു കേട്ടപ്പോൾ ഒരു നമ്പൂതിരിക്കഥയാണ് എനിക്ക് ഓർമ്മ വന്നത്. പടിക്കലെ നെൽകൃഷി കാണാനിറങ്ങിയ തിരുമേനി വരമ്പിൽ കാൽ വഴുതി പാടത്തെ ചെളിയിൽ മലർന്നടിച്ചുവീണു. എഴുന്നേൽക്കാൻ കൂട്ടാക്കാതെ കിടക്കുന്ന തിരുമേനിയ്ക്കു നേരെ കൈ നീട്ടിക്കൊടുത്ത കാര്യസ്ഥനോട് അദ്ദേഹം പറഞ്ഞു, “ശ്ശി കഴിഞ്ഞോട്ടെ. രാഹു അങ്ങട്ട് നീങ്ങിയിട്ടാകാം. അല്ലെങ്കി ഇനീം വീണാലോ!” രാഹുകാലം കഴിഞ്ഞ് എഴുന്നേറ്റാൽ മതിയെന്ന് തിരുമേനി. ശ്രേഷ്ഠാനുമതി കിട്ടിയിട്ടു തെറ്റു തിരുത്തിയാൽ മതിയെന്ന് അച്ചൻ.

ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ചിട്ടുള്ള സത്യവേദ പുസ്തകത്തിൽ പത്തു കല്പനകളിൽ ഒന്നായി അച്ചടിച്ചിരിക്കുന്നുത് ‘നീ കുല ചെയ്യരുത്’ എന്നാണ് (പുറ. 20:13). വേദപുസ്തകം ശ്രേഷ്ഠാനുമതിയോടെ തിരുത്തി അടിച്ചുവരുന്നതുവരെ വിവരമുള്ള വിശ്വാസികളും “കുല” ചെയ്യരുതെന്ന് വായിക്കണമെന്നാണോ അച്ചന്റെ വാദം? കണിയാംപറമ്പിൽ ഡോ. കുര്യൻ കോർ എപ്പിസ്കോപ്പ ഭാഷാന്തരം നടത്തി പ്രസിദ്ധീകരിച്ചിരിക്കുന്ന വിശുദ്ധ ഗ്രന്ഥത്തിലെ യോശുവായുടെ പുസ്തകം ആരംഭിക്കുന്നതിങ്ങനെയാണ്. ‘ദൈവത്തിന്റെ ദാസനായ മോശയുടെ മരണശേഷം ദൈവം നൂറന്റെ മകനായ മോശയുടെ ശുശ്രൂഷകനായ യോശുവായോട് അരുളിച്ചെയ്തു! ഇതിൻ പ്രകാരം നൂറന്റെ മകൻ ആരാണ്?

ആരുടെ ഭാഷയിലും തെറ്റുകൾ വരാം. ന്യൂനതകൾ ഉണ്ടാകാം. മറ്റുള്ളവർ ആ കുറവുകൾ നീക്കി ഉപയോഗിക്കുകയാണ് വേണ്ടത്. തിരുത്താൻ പോയി കൂടുതൽ അബദ്ധം വരുത്തിവയ്ക്കരുതെന്നുമാത്രം. ഒരാൾക്കൊ, ഒരു സമിതിക്കുപോലുമൊ ഒരു പുസ്തകത്തിലെ എല്ലാ പോരായ്മകളും തിരുത്താൻ കഴിഞ്ഞെന്നുവരില്ല എന്ന കാര്യവും ഓർക്കണം. ഭാഷയെ സംബന്ധിച്ചിടത്തോളം, മറ്റു പലതിനുമെന്നപോലെ പരിപൂർണ്ണത (perfection) എന്നൊന്നില്ല. അതെന്നെന്നും തിരുത്തലിനും പരിഷ്കരണത്തിനും വിധേയമായിരിക്കണം.

ഇത്തരത്തിലുള്ള ചില പിശകുകൾ നമ്മുടെ മറ്റ് ആരാധനാക്രമങ്ങളിലെന്നപോലെ വി. കുർബ്ബാനക്രമത്തിലും കാണുന്നുണ്ട്. സന്ധ്യാപ്രാർത്ഥനയിൽ രണ്ടാം ഖണ്ഡികയിൽ ഇപ്രകാരം ചൊല്ലുന്നതു കേൾക്കാറുണ്ട്. എന്റെ ഹൃദയം ഒരു ദുഷ്ക്കാര്യത്തിനും ചായാതെയും ഞാൻ അന്യായക്രിയകൾ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്ക് കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക്

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**തിരുത്തോ? എന്തിന്?** .................................. 1

**മലങ്കര അസോസിയേഷൻ യോഗം 2017: ഒരു പ്രാഥമിക പ്രതികരണം** ........................ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ക്രിസ്തുദർശനവും മഹാത്മാഗാന്ധിയും** ....... 5
പ്രൊഫ. ഡോ. എം.പി. മത്തായി

**ഫലം കായ്ക്കാത്ത അത്തി സഭയ്ക്കൊരു മുന്നറിയിപ്പ്** ...................... 10
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ചൂണ്ടുപലക** ................................................ 13
ജോയി മേക്കോട്ടിൽ

**സിനെർഗിയ** ................................................ 14
കുടുംബങ്ങൾക്ക് ഊർജ്ജ/ജലസംരക്ഷണ പാഠം

**വാർത്തകൾ, അറിയിപ്പുകൾ** .............. 15–16

കാവൽക്കാരനെയും നിയമിക്കണമെ! എന്ന് അർത്ഥലോപം വരാതെ അതു ചുരുക്കാം. എന്നാൽ അതല്ല പ്രശ്നം. വായ്ക്കും അധരങ്ങൾക്കും കാവൽക്കാരെ നിയമിച്ചാലും ഇവിടെ വിവക്ഷിക്കുന്ന കാര്യങ്ങൾ നടക്കുകയില്ല. കാരണം ഹൃദയം ദുഷ്കാര്യത്തിനു ചായുന്നതും ഒരുവൻ അന്യായക്രിയകൾ പ്രവർത്തിക്കുന്നതും വായും അധരങ്ങളും കൊണ്ടല്ലല്ലോ. പ്രസ്തുത സങ്കീർത്തനത്തിന്റെ ശരിയായ വിവർത്തനം ഉപയോഗപ്പെടുത്താത്തതാണ് പ്രശ്നം.

മൂവാറ്റുപുഴ അരമനപ്പള്ളി ഉൾപ്പെടെ ചില പള്ളികളിൽ ഉപയോഗിച്ചുവരുന്ന വി. കുർബ്ബാനക്രമം ഏതാനും തിരുത്തലുകളോടുകൂടിയതാണ്. ചിലതു സൂചിപ്പിക്കാം.

പട്ടക്കാരൻ ഒന്നാം പ്രുമിയോൻ ചൊല്ലിക്കഴിയുമ്പോൾ ശുശ്രൂഷക്കാരൻ നൽകുന്ന അറിയിപ്പിൽ 'ബ. പട്ടക്കാരന്റെ കൈകളാൽ കുന്തുരുക്കം വയ്ക്കപ്പെടുന്നു' എന്നു പറയുന്നുണ്ട്. കുന്തുരുക്കം വയ്ക്കുന്നത് ആരാധനയിൽ പ്രത്യേകം എടുത്തു പറയത്തക്കവിധം പ്രാധാന്യമുള്ള ഒരു കർമ്മമല്ല. ബലിപീഠത്തിൽ ധൂപാർപ്പണം നടത്തുക പുരോഹിതന്മാർക്ക് മാത്രം അധികാരമുള്ള കാര്യമാണ്. ശുശ്രൂഷക്കാരൻ അതു ചെയ്യുന്നത് പുരോഹിതനുവേണ്ടി അദ്ദേഹത്തിന്റെ പ്രതിനിധി എന്ന നിലയിലാണ്. അതുകൊണ്ട് ഇവിടെ 'കുന്തുരുക്കം വയ്ക്കപ്പെടുന്നു' എന്നത് ധൂപംവയ്ക്കപ്പെടുന്നു എന്ന് മാറ്റേണ്ടതാണ്. തുടർന്നുവരുന്ന ധൂപക്കുറ്റി വാഴ്വിന്റെയും ആഘോഷപൂർവ്വമായ ധൂപാർപ്പണത്തിന്റെയും കൂടിയുള്ള മുൻഅറിയിപ്പായി ഇതിനെ മനസ്സിലാക്കേണ്ടതാണ്.

വിശ്വാസപ്രമാണം ചൊല്ലുന്നതിന് തൊട്ടുമുമ്പ് ശുശ്രൂഷക്കാരൻ നടത്തുന്ന ആഹ്വാനം ഇപ്രകാരമാണ്. 'ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട് നാമെല്ലാവരും നല്ലവണ്ണം നിന്ന് ബ. പട്ടക്കാരന്റെ പ്രാർത്ഥന ഏറ്റുചൊല്ലണം'. എന്നാൽ പട്ടക്കാരൻ തുടക്കമിടുന്നത് ഒരു പ്രാർത്ഥനക്കല്ല. മറിച്ച്, സഭയുടെ വിശ്വാസപ്രമാണത്തിനാണ്. അതുകൊണ്ട് 'പട്ടക്കാരന്റെ പ്രാർത്ഥന' എന്നതിനുപകരം 'സഭയുടെ സത്യവിശ്വാസം' എന്നു ചേർക്കേണ്ടതാണ്. വിശ്വാസപ്രമാണത്തിൽ ഒരു വാക്കുപോലും പ്രാർത്ഥനാരൂപത്തിലുള്ളതല്ല എന്നോർക്കുക.

വിശ്വാസപ്രമാണത്തിലും ചില വാക്കുകളും പ്രയോഗങ്ങളും മാറ്റുന്നത് ആവശ്യമെന്നു തോന്നുന്നു. 'സർവ്വലോകങ്ങൾക്കും മുമ്പേ' എന്നതിന് പകരം സർവ്വയുഗങ്ങൾക്കും മുമ്പേ എന്നുപയോഗിക്കുന്നതാണ് നല്ലത്. കാരണം ലോകം എന്നതിന് കാലസൂചനയില്ല. തുടർന്ന് 'ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽ നിന്ന് ശരീരിയായിത്തീർന്ന്' എന്നു ചൊല്ലുന്നു. ദൈവമാതാവിൽ നിന്ന് ശരീരിയായിത്തീരുകയല്ലല്ലോ ചെയ്തത്. വി. കന്യാമറിയാമിൽ നിന്ന് പുത്രൻ തമ്പുരാൻ ശരീരിയായിത്തീർന്നപ്പോൾ അവർ ദൈവമാതാവായി പരിണമിക്കുകയാണല്ലോ ചെയ്തത്. നിഖ്യാവിശ്വാസ പ്രമാണത്തിൽ പിന്നീട് കടന്നുകൂടിയതാണ് ഈ പദം. 'സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും'

*(ശേഷം 12-ാം പേജിൽ)*

*മെത്രാപ്പോലീത്തായുടെ കത്ത്*

# മലങ്കര അസോസിയേഷൻ യോഗം 2017: ഒരു പ്രാഥമിക പ്രതികരണം

**2017**-ലെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം മാർച്ച് ഒന്നാം തീയതി പരി. കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കോട്ടയം മാർ ഏലിയാ കത്തീഡ്രൽ പരിസരത്ത് വച്ച് ചേർന്ന് അജണ്ട പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുകയുണ്ടായി. അസോസിയേഷൻ യോഗം ചേരുന്നതിനുള്ള ദീർഘനാളത്തെ ഒരുക്കങ്ങൾ അടുത്ത അഞ്ചു വർഷത്തേക്കുള്ള മാനേജിംഗ് കമ്മറ്റിയുടെ രൂപീകരണം, അൽമായ - വൈദീക ട്രസ്റ്റിമാരുടെ തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനം എന്നിവയോടുകൂടി പര്യവസാനിച്ചു. ഈ പ്രാവശ്യത്തെ അസോസിയേഷൻ യോഗം നൽകുന്ന ചില പാഠങ്ങളും സൂചനകളും ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. യോഗത്തെ സംബന്ധിച്ച ചില നിരീക്ഷണങ്ങളാണ് ഈ പ്രാവശ്യത്തെ കത്തിന്റെ ഉള്ളടക്കം. ഇനി വരുന്ന യോഗങ്ങൾ കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആകണം എന്നാഗ്രഹമുള്ളതുകൊണ്ടാണ് അവ കുറിക്കുവാൻ ഞാൻ ഉദ്യമിക്കുന്നത്.

പൊതുവെ പറഞ്ഞാൽ പള്ളി പ്രതിനിധികളുടെ നിലപാടുകളും, സഭയുടെ സംഘവിവേകവും (collective wisdom) അസോസിയേഷൻ യോഗത്തിൽ പ്രതിഫലിച്ചിട്ടുണ്ട് എന്നു വേണം ചിന്തിക്കുവാൻ. നിലനിന്നുവന്ന സഭാ നേതൃത്വത്തിന്റെ പ്രവർത്തനശൈലിയുടെ മാറ്റം സഭാംഗങ്ങൾ ആഗ്രഹിക്കുന്നതായി തോന്നി. ഈ സാമൂഹിക ഇച്ഛയ്ക്ക് തടയിടാൻ പണം, സ്വാധീനം, വ്യാജപ്രചരണം എന്നിവയ്ക്ക് ഒന്നും സാധിച്ചില്ല എന്ന സൂചനയാണ് തെരഞ്ഞെടുപ്പ് ഫലം നൽകിയത്. സഭാഭരണ രീതിയിൽ മാറ്റം ആഗ്രഹിച്ച് പള്ളിപ്രതിനിധികൾ ആ വ്യതിയാനത്തിന് ഉതകിയേക്കാം എന്ന് അവർ ചിന്തിച്ചു വ്യക്തികളെ അടുത്ത അഞ്ചു വർഷത്തേയ്ക്ക് പരീക്ഷിക്കുവാൻ തീരുമാനിക്കുകയായിരുന്നു. സഭാംഗങ്ങൾക്കിടയിൽ കഴിഞ്ഞ കാലങ്ങളിൽ രൂപം കൊണ്ട അസംതൃപ്തി, നിസ്സംഗത, പ്രതിഷേധം തുടങ്ങിയ വികാരങ്ങൾ ഈ മാറ്റശ്രമത്തിന് പ്രേരണ നൽകി എന്നു വേണം ചിന്തിക്കുവാൻ.

അതുകൊണ്ട് സ്ഥാനാർത്ഥികളുടെ ഖ്യാതി (popularity), അവരുടെ സമ്മതിദായകരുമായുള്ള സൗഹൃദം, പ്രാദേശിക താല്പര്യങ്ങൾ എന്നിവയൊന്നും തെരഞ്ഞെടുപ്പിൽ ഗണ്യമായ സ്വാധീനം ചെലുത്തി എന്നു തോന്നുന്നില്ല. നേരെമറിച്ച് സഭയുടെ പ്രതിച്ഛായ വരുംകാലങ്ങളിൽ മാറ്റുവാനും പ്രവർത്തനരീതിയിൽ മൗലീകമായ വ്യതിയാനങ്ങൾ വരുത്തുവാനും ആവശ്യമായ ഭാവനയും ത്രാണിയും ഇച്ഛാശക്തിയും ഉണ്ട് എന്നു കരുതിയവരെ തെരഞ്ഞെടുക്കുവാൻ അസോസിയേഷൻ ശ്രമിക്കുകയായിരുന്നു. സഭാഭരണ രംഗത്ത് പുതിയ സ്ഥാനികളുടെ സാന്നിധ്യം സഭയെ സംബന്ധിച്ചുള്ള തങ്ങളുടെ പ്രതീക്ഷകൾ യാഥാർത്ഥ്യമാക്കുവാൻ ഒരു തിരുത്തൽ പ്രക്രിയയ്ക്ക് വഴി തെളിക്കും എന്ന ചിന്തയാകാം ഇതിന് പ്രേരകമായത് അവിടെയാണ് സമ്മതിദായകരുടെ സംഘവിവേകം പ്രകടമായത്.

മുൻകാലങ്ങളിൽ അത്മായ- വൈദീക ട്രസ്റ്റി സ്ഥാനങ്ങൾ ആജീവനാന്ത ചുമതല പോലെ ആയിരുന്നു. എന്നാൽ 1995-ലെ സുപ്രീം കോടതിവിധി മലങ്കര സഭാഭരണഘടനയെ എല്ലാവിധത്തിലും ജനാധിപത്യവത്ക്കരിച്ചു. ഇടവകയുടെ അംഗബലത്തിന് അനുസൃതമായി അസോസിയേഷൻ ഭദ്രാസന പൊതുയോഗ പ്രതിനിധികളുടെ എണ്ണം പുനക്രമീകരിച്ചു. എന്നാൽ അതോടൊപ്പം തന്നെ അവയുടെ അംഗത്വം അഞ്ചുവർഷമാക്കുകയും ചെയ്തു. അതിനു സമാനമായി അൽമായ വൈദീക ട്രസ്റ്റിമാരുടെയും അസോസിയേഷൻ സെക്രട്ടറിയുടെയും സ്ഥാനകാലാവധി അഞ്ചുവർഷമായി തിട്ടപ്പെടുത്തുകയും ചെയ്തു. കാലാവധിക്കുശേഷം സ്ഥാനത്തുനിന്ന് പിരിയുകയോ വീണ്ടും തെരഞ്ഞെടുക്കപ്പെടുകയോ മാത്രമായി സാധ്യതകൾ. അതായത് സ്ഥാനികൾ ഒന്നോ രണ്ടോ തവണ പ്രവർത്തന കാലാവധി പൂർത്തിയാക്കിയ ശേഷം സേവനം അവസാനിപ്പിക്കണം എന്ന സൂചനയാണ് ഈ നിബന്ധനയ്ക്കുള്ളത് എന്നു വ്യക്തം. കോടതിവിധിയുടെ ഈ താത്പര്യം സ്ഥാനികൾ സ്വയം മനസ്സിലാക്കുന്നില്ല എങ്കിൽ അതു തിരിച്ചറിയേണ്ടത് സമ്മതിദായകരുടെ ബാധ്യത ആയി മാറുന്നു. അതാണ് ഇത്തവണ സംഭവിച്ചത്. സ്ഥാനികളുടെ സ്വന്ത താത്പര്യത്തിനു പിന്തുണ നേടാനല്ല ഓരോ പ്രാവശ്യവും മലങ്കര അസോസിയേഷൻ കൂടുന്നത്. നേരെമറിച്ച് പുതിയ നേതൃത്വത്തെ പരീക്ഷിക്കാനാണ്. ഭരണത്തിന്റെ ശൈലിമാറ്റം ആവശ്യമെന്ന് ജനം ചിന്തിക്കുന്നതിനൊപ്പം സ്ഥാനികളും ബുദ്ധി

എന്നാൽ അൽമായ-വൈദീക ട്രസ്റ്റി സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ മൽസരിക്കുന്ന സ്ഥാനാർത്ഥികളെ അടുത്തു പരിചയപ്പെടാനുള്ള സാധ്യത ഇന്ന് ലഭിക്കുന്നില്ല എന്നത് ശ്രദ്ധിക്കപ്പെടേണ്ട വിഷയമാണ്. സ്ഥാനാർത്ഥികൾ അവരുടെ ജീവിത ഔദ്യോഗിക മേഖലകളിൽ അസാധാരണ സാമർത്ഥ്യവും നൈപുണ്യവും ഉള്ളവരായിരിക്കും. എങ്കിലും മലങ്കര സഭയുടെ വർത്തമാനകാല സാഹചര്യത്തെ അപഗ്രഥിച്ച് ഫലപ്രദമായി സഭാസേവനം നടത്തുവാൻ അവർക്ക് എത്രമാത്രം കഴിയും എന്നതു സംബന്ധിച്ച് സമ്മതിദായകർക്ക് വിലയിരുത്തുവാൻ സാധിച്ചെങ്കിലെ സ്ഥാനാർത്ഥികളെ മനസ്സിലാക്കി വോട്ടു ചെയ്യുവാൻ അവർക്ക് സാധിക്കൂ. ഇതിനുള്ള അവസരവും വേദിയും ലഭ്യമാക്കുന്നില്ല. അസോസിയേഷൻ യോഗത്തിൽ തെരഞ്ഞെടുപ്പിനു മുമ്പായി സ്ഥാനാർത്ഥികൾക്ക് സമ്മതിദായകരെ അഭിസംബോധന ചെയ്യുവാനുള്ള അവസരം നൽകി ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. അമേരിക്ക മുതൽ ഓസ്ട്രേലിയ വരെയുള്ള ഇടവകകളിൽനിന്ന് ഇടവക പ്രതിനിധികളായി വരുന്നവർക്ക് വേണ്ടവിധം വോട്ടവകാശം ഉപയോഗപ്പെടുത്തണമെങ്കിൽ ഇതാവശ്യമാണ്. പള്ളി പ്രതിനിധികൾക്ക് സ്ഥാനാർത്ഥികളെയും അവരുടെ കാഴ്ചപ്പാടുകളെയും വിലയിരുത്തുവാൻ സാധിച്ചാൽ മാത്രമാണല്ലോ സമ്മതിദാനഅവകാശത്തിന്റെ ഉത്തരവാദിത്തപൂർണ്ണമായ നിർവ്വഹണം നടക്കൂ.

നിരീക്ഷണങ്ങൾ നടത്തുന്നതും അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതും സ്ഥാനാർത്ഥികളോടുള്ള ഇഷ്ടാനിഷ്ടങ്ങളുടെ അടിസ്ഥാനത്തിലാണ് എന്ന് ആരും ചിന്തിക്കേണ്ടതില്ല. ഇത്തവണ ഇലക്ഷനിൽ മൽസരിച്ച എല്ലാവരുമായി പൂർവ്വം ആലോചിക്കേണ്ടതുണ്ട്. അതുകൊണ്ട് അസോസിയേഷന് പ്രതീക്ഷ വയ്ക്കാമെന്ന് ബോധ്യപ്പെട്ട മറ്റാരെയെങ്കിലും മാറ്റി പ്രതിഷ്ഠിക്കുവാൻ ശ്രമിച്ചത് സ്വാഭാവികമാണല്ലോ.

വളരെ അനാരോഗ്യകരമായ മറ്റൊരു പ്രവണത ഈ പ്രാവശ്യത്തെ മലങ്കര അസോസിയേഷനുമായി ബന്ധപ്പെട്ട തെരഞ്ഞെടുപ്പുകളിൽ തല പൊക്കിയതായി തോന്നി. അതിനുള്ള മറുപടി കൂടിയായിരുന്നു തെരഞ്ഞെടുപ്പുഫലം. തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നവർ അവരുടെ സാമർത്ഥ്യവും യോഗ്യതയും സഭാസ്നേഹവും പെരുപ്പിച്ചു കാണിച്ച് പ്രകടനം നടത്തുന്ന രീതി മാത്രമാണ് ഇതുവരെ ഉണ്ടായിരുന്നത്. എന്നാൽ എതിർ സ്ഥാനാർത്ഥികൾക്കെതിരെ വ്യാജരേഖകൾ സൃഷ്ടിച്ചും മാനസികമായി മുറിപ്പെടുത്തുന്ന പ്രസ്താവനകൾ നടത്തിയും ഉള്ള പ്രചരണം സഭയുടെ തെരഞ്ഞെടുപ്പ് രംഗത്ത് പുതിയ പ്രവണതയാണ്. ഇതു തികച്ചും ദൗർഭാഗ്യകരമായിപ്പോയി. ഇതിന് നിയന്ത്രണം ഏർപ്പെടുത്തുവാൻ ഇലക്ഷൻ സംവിധാനം ജാഗ്രത പുലർത്തിയുമില്ല. ഇത്തരം തരംതാഴ്ന്ന പ്രചരണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം ആർക്കുവേണ്ടി ദുഷ്പ്രചരണം നടത്തിയോ ആ സ്ഥാനാർത്ഥികൾക്കു തന്നെയാണ്. ആ ബാധ്യത അവർ ഏറ്റെടുത്തില്ല എന്നത് കുറ്റകരമായ അനാസ്ഥയാണ്. എങ്കിലും പ്രബുദ്ധരായ സമ്മതിദായകർ ഇലക്ഷൻ നടപടി ചട്ടങ്ങൾക്കു വിരുദ്ധമായ പ്രവർത്തനങ്ങൾക്ക് തിരിച്ചടി നൽകി എന്നത് മാത്രം ആശ്വാസകരം. എതിർസ്ഥാനാർത്ഥികളെ കൃത്രിമരേഖകൾ വച്ചും ആക്ഷേപിച്ചും തേജോവധം ചെയ്യുന്നതിനോട് സഹകരിക്കുവാൻ ഇടവക പ്രതിനിധികൾ തയ്യാറാകാത്തത് നല്ലൊരു സൂചനയായി പരിഗണിക്കാവുന്നതാണ്. ഭാവിയിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ ഇതൊരു പാഠമായി തീരട്ടെ.

മലങ്കര സഭയുടെ ജനാധിപത്യപാരമ്പര്യത്തിന്റെ ഭാഗമാണ് അസോസിയേഷനിലേക്കുള്ളത് ഉൾപ്പെടെയുള്ള തെരഞ്ഞെടുപ്പുകൾ. എന്നാൽ ഇന്നും സഭയിൽ പകുതിയലധികം ഉള്ള സ്ത്രീകൾ തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് പുറത്താണ് എന്ന സത്യം അവശേഷിക്കുന്നു. ദുർബല വിഭാഗത്തിന്റെ സാന്നിധ്യവും തെരഞ്ഞെടുപ്പുകളിൽ ഇല്ല എന്നു തന്നെ പറയാം. ഈ സഭയിൽ പത്തു ശതമാനമെങ്കിലും അംഗങ്ങളുള്ള ദളിത് വിശ്വാസികൾക്ക് അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി ഇവകളിൽ സംവരണം അവകാശമായി ലഭ്യമായിട്ടില്ല. ജനാധിപത്യ സംവിധാനത്തിന്റെ ഉരകല്ല് ആയ നീതി ഇവിടെ പുലരുന്നില്ല എന്നു ചുരുക്കം. എന്നാൽ സഭയിലെ പ്രശ്നബാധിത പ്രദേശങ്ങളിൽ നിന്ന് സഭാസ്ഥാനങ്ങളിൽ മത്സരിക്കുന്ന യോഗ്യരായ സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിൽ ഇതരഭാഗങ്ങൾ ശ്രദ്ധിക്കുന്നുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. വടക്കൻ മേഖലയിലെ കണ്ടനാട്, കൊച്ചി, അങ്കമാലി, തൃശൂർ ഭദ്രാസനങ്ങളിൽ ഓർത്തഡോക്സ് സഭയുടെ അംഗബലം താരതമ്യേന കുറവാണ്. അവിടുത്തെ പ്രശ്നങ്ങളാകട്ടെ സങ്കീർണ്ണവുമാണ്. എന്നാൽ ഈ പ്രദേശത്തുനിന്നും രണ്ടു ട്രസ്റ്റിമാരിൽ ഒരാളെങ്കിലും തെരഞ്ഞെടുക്കപ്പെടാൻ നമ്മുടെ തെക്കൻ ഭദ്രാസനങ്ങളിലെ പ്രതിനിധികൾ ശ്രദ്ധിക്കുന്നുണ്ട്. ആ പരിഗണന ഈ പ്രാവശ്യവും ഉണ്ടായി. തെക്കൻ ഭദ്രാസനങ്ങളിലെ അസോസിയേഷൻ അംഗങ്ങൾ കാണിക്കുന്ന ഈ നീതിബോധം പ്രാദേശികത്വവും, ഭൂരിപക്ഷ ആധിപത്യവും ഈ സഭ അംഗീകരിക്കുന്നില്ല എന്നതിന്റെ വ്യക്തമായ സൂചനയാണ്.

ലേഖനം

# ക്രിസ്തുദർശനവും മഹാത്മാഗാന്ധിയും

പ്രൊഫ. ഡോ. എം.പി. മത്തായി

സ്വന്തമായൊരു ജീവിത ദർശനം രൂപപ്പെടുത്തുവാൻ ഗാന്ധിജിയെ ഏറ്റവും സഹായിച്ച ഘടകം അദ്ദേഹത്തിന്റെ മതപഠനമായിരുന്നു. ഈശ്വരഭക്തിയും ഭൂതദയയും നിറഞ്ഞുനിന്ന ഗൃഹാന്തരീക്ഷവും, ഇതര മതസ്ഥരുമായി അദ്ദേഹത്തിന്റെ പിതാവ് നടത്തിപ്പോന്ന മതസംവാദങ്ങളും ഗാന്ധിയിൽ ചെലുത്തിയ സ്വാധീനം പ്രൗഢമായിരുന്നു. ജൈനസന്യാസിമാരും, പാഴ്സി, മുസ്ലീം മതപണ്ഡിതന്മാരും പിതാവുമായി നടത്തിയ സംവാദങ്ങൾ ശ്രദ്ധിച്ചപ്പോൾ എല്ലാ മതങ്ങളുടെയും അടിസ്ഥാനം ഒരേ ധാർമ്മികതയാണെന്നും, അതുകൊണ്ട് എല്ലാ മതങ്ങളേയും സഹിഷ്ണുതയോടും, ആദരവോടും കൂടി സമീപിക്കുകയാണ് ശരി എന്നും കുട്ടിക്കാലത്തേ അദ്ദേഹത്തിനു ബോധ്യപ്പെട്ടു. ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യമായി വിവിധ മതങ്ങൾ അംഗീകരിച്ചിട്ടുള്ള മോക്ഷം, ഈശ്വരസാക്ഷാത്ക്കാരം, നിർവ്വാണം, മുക്തി എന്നിവയെല്ലാം ഭിന്നങ്ങളല്ല, മറിച്ച് ഒന്നുതന്നെയാണെന്നും, പരമപ്രധാനമായ ഈ ലക്ഷ്യം പ്രാപിക്കുന്നതിന് ഒന്നിലേറെ മാർഗ്ഗങ്ങളുണ്ടെന്നും ഗാന്ധി തിരിച്ചറിഞ്ഞു. ഈ ധാരണകളുടെ അടിസ്ഥാനത്തിൽ അദ്ദേഹം ലോകമതങ്ങൾ ഗൗരവപൂർവ്വം പഠിക്കുകയും, അവയുടെ അടിസ്ഥാന ദർശനങ്ങളെ സ്വാംശീകരിച്ച് സ്വന്തം ജീവിതത്തിൽ പകർത്താൻ ശ്രമിക്കുകയും ചെയ്തു.

ക്രിസ്തുമതവുമായുള്ള ഗാന്ധിജിയുടെ സമ്പർക്കവും സംസർഗ്ഗവുമാണ് ഈ പഠനത്തിൽ വിശദീകരിക്കാൻ ഉദ്ദേശിക്കുന്നത്. യേശുദേവന്റെ ജീവിതവും സന്ദേശവും ഗാന്ധിജിയുടെ ജീവിതത്തിലെ ഏറ്റവും നിർണ്ണായക സ്വാധീനമായിരുന്നു. എന്നാൽ വ്യവസ്ഥാപിത ക്രിസ്തുമതവുമായുള്ള അദ്ദേഹത്തിന്റെ ബന്ധം സംഘർഷരഹിതമായിരുന്നില്ല. ക്രിസ്തുമതത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ആദ്യ സ്മരണ രാജ്കോട്ടിലെ നാൽക്കവലയിൽ നിന്ന് സുവിശേഷം പ്രഘോഷിക്കുന്ന ഒരു മിഷനറിയുടേതാണ്. ഹിന്ദുമതത്തെ - ഹിന്ദു ദൈവങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും - സഭ്യേതരമായ ഭാഷയിൽ അപലപിക്കുന്ന മിഷനറിയുടെ സമീപനം ക്രിസ്തുമതത്തെ സംശയത്തോടെ നിരീക്ഷിക്കാൻ കാരണമായി എന്ന് ഗാന്ധിജി ആത്മകഥയിൽ എഴുതിയിട്ടുണ്ട്. ലണ്ടനിലെ വിദ്യാർത്ഥി ജീവിതകാലത്താണ് അദ്ദേഹം ബൈബിൾ വായിക്കാനിടയായത്. ഭഗവദ്ഗീതയുടെ ഇംഗ്ലീഷ് വിവർത്തനമായ The Song Celestial, ശ്രീബുദ്ധനെപ്പറ്റിയുള്ള The Light of Asia, മാഡം ബ്ലാവട്സ്കിയുടെ Key to Theosophy തുടങ്ങിയ ഗ്രന്ഥങ്ങളും ഇക്കാലത്ത് ഗാന്ധിജി വായിച്ചിരുന്നു. ബൈബിളിലെ പഴയ നിയമഭാഗം വിരസമായി അനുഭവപ്പെട്ടുവെന്നും, സംഖ്യാ പുസ്തകം - Numbers തന്നെ ഉറക്കത്തിലേക്ക് നയിച്ചു എന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. പക്ഷെ, പുതിയ നിയമം വ്യത്യസ്തമായ അനുഭവമായിരുന്നു ഗാന്ധിജിക്ക്. "വിശേഷിച്ചും, ഗിരിപ്രഭാഷണം എന്റെ ഹൃദയത്തിലേക്ക് നേരെ കടന്നുചെന്നു" എന്ന് എഴുതി അദ്ദേഹം. " എന്റെ യുവ മനസ്സ് ഗീതോപദേശത്തെയും, ലൈറ്റ് ഓഫ് ഏഷ്യയെയും. ഗിരിപ്രഭാഷണത്തെയും ഏകീകരിക്കാൻ ശ്രമിക്കുകയും ചെയ്തു. ത്യാഗമാണ് മതത്തിന്റെ ഏറ്റവും ശ്രേഷ്ഠരൂപം എന്നത് എനിക്ക് അത്യന്തം ഹൃദ്യമായി അനുഭവപ്പെട്ടു", ഗാന്ധിജി തുടർന്നെഴുതി.

ദക്ഷിണാഫ്രിക്കയിലെ ജീവിതം എല്ലാ അർത്ഥത്തിലും ഗാന്ധിജിയെ മാറ്റിത്തീർക്കുകയു

---

നല്ല ബന്ധം ഉള്ള വ്യക്തിയാണ് ഞാൻ. വ്യക്തിപരമായ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും അനുകൂലമായോ പ്രതികൂലമായോ ഇടപെടലുകൾ നടത്തുന്നതിലും ഭദ്രാസന ഇടവകയുടെ ചുമതലക്കാരൻ എന്ന നിലയിൽ ഞാൻ നിയന്ത്രണം പാലിച്ചിട്ടുണ്ട്. എന്നാൽ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ചില അടിസ്ഥാനമര്യാദകൾ പാലിക്കപ്പെടേണ്ടതുണ്ട് എന്നു ഞാൻ ഉറച്ചു വിശ്വസിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് വഴിവിട്ട് വോട്ടു പിടിക്കുന്ന രീതിയെയും സ്ഥാനങ്ങൾ അവകാശമാക്കി വയ്ക്കുന്നതിനെയും എനിക്ക് അനുകൂലിക്കാൻ സാധിക്കാത്തത്. തുടർന്നുള്ള അസോസിയേഷൻ യോഗങ്ങൾ കൂടുതൽ ജനാധിപത്യപരവും നീതിപരവും ആകട്ടെ എന്ന് ആശംസിക്കുന്നു.

സസ്നേഹം

നിങ്ങളുടെ

അത്തനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

ണ്ടായി. അദ്ദേഹത്തിന്റെ മതബോധവും, മതാത്മകതയും വ്യക്തവും സ്ഫടിക സുന്ദരവുമായിത്തീർന്നതും ഈ കാലഘട്ടത്തിലാണ്. ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി പരിചയപ്പെട്ട ക്രിസ്ത്യാനികൾ സ്വന്തം മത വിശ്വാസത്തോട് സത്യസന്ധത പുലർത്തുന്നവരായിരുന്നു. അവർ മുഖ്യമായി ഇവാഞ്ചലിക്കൽ, ക്വേക്കർ വിഭാഗങ്ങളിൽപ്പെട്ടവരുമായിരുന്നു. യേശുക്രിസ്തുവിനെകർത്താവും, രക്ഷിതാവുമായി സ്വീകരിച്ച് ഏറ്റുപറഞ്ഞാൽ രക്ഷിക്കപ്പെടും എന്നാണ് അവർ വിശ്വസിച്ചിരുന്നതും, പ്രഘോഷിച്ചതും. ക്രിസ്തുവിൽക്കൂടിയല്ലാതെ രക്ഷയില്ല എന്ന് അവർ ഗാന്ധിജിയോടും ഉറപ്പിച്ചും, ആവർത്തിച്ചും പറഞ്ഞു. ഹൈന്ദവ പശ്ചാത്തലത്തിൽ വളർന്ന ഗാന്ധിജിക്ക് ഈ നിലപാട് പ്രശ്നാത്മകമായിത്തോന്നി. മോക്ഷലബ്ധിയിൽ വ്യക്തിയുടെ സ്വപരിശ്രമത്തിന് പങ്കൊന്നുമില്ലാത്ത ഈ മോക്ഷ സങ്കല്പം ധാർമ്മിക ജീവിതത്തിന് മർമ്മ പ്രധാനമായ സ്ഥാനം നൽകുന്ന കർമ്മ സിദ്ധാന്തത്തിൽ വിശ്വസിക്കുന്ന ഒരു ഹിന്ദുധർമ്മാനുയായി ആയ ഗാന്ധിജിക്ക് തീർത്തും അസ്വീകാര്യമായിരുന്നു. യേശുക്രിസ്തു ദൈവത്തിന്റെ ഏകപുത്രനാണെന്ന വിശ്വാസപ്രമാണവും അതിന്റെ അക്ഷരാർത്ഥത്തിൽ സ്വീകരിക്കാൻ ഗാന്ധിജിക്കാകുമായിരുന്നില്ല. വിശ്വാസപരമായ ഇത്തരം ഭിന്നതകൾ നിലനിൽക്കെത്തന്നെ ഗാന്ധിജി പരിചയപ്പെട്ട ക്രിസ്റ്റ്യൻ സുഹൃത്തുക്കളുടെ ജീവിതവിശുദ്ധിയും നിസ്വാർത്ഥതയും, കൂട്ടായ്മയും, സേവനസന്നദ്ധതയും അദ്ദേഹത്തിന്റെ ആദരവ് പിടിച്ചുപറ്റുകയുണ്ടായി. ഗാന്ധിജിയിൽ ഒരു നിർമ്മല മനുഷ്യനെദർശിച്ച ക്രിസ്റ്റ്യൻ സുഹൃത്തുക്കൾ അദ്ദേഹത്തെ ക്രിസ്തീയ രക്ഷയുടെ അനുഭവത്തിലേക്ക് അനുനിയിപ്പിച്ചും, സംവാദം വഴിയും എത്തിക്കാൻ കിണഞ്ഞു പരിശ്രമിച്ചു. ഒരു ഘട്ടത്തിൽ യേശുവിന്റെ മാർഗ്ഗത്തിലേക്ക് പരിവർത്തനം ചെയ്താലോ എന്നുപോലും വിചാരിച്ചതായി ഗാന്ധിജി കുമ്പസാരിച്ചിട്ടുണ്ട്. സത്യാന്വേഷിയായ ഗാന്ധിജി തീവ്രമായ ചിന്താകുഴപ്പത്തിലായി. ആധികാരികമായ ആദ്ധ്യാത്മികതയുടെ അനുഭവമുള്ള ആളായി ഗാന്ധിജി ആദരിച്ചിരുന്ന രാജചന്ധക്ക് അദ്ദേഹം ഈ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ഇരുപത്തിയേഴ് ചോദ്യങ്ങളുള്ള ഒരു കത്തയച്ചു. എല്ലാ മതങ്ങളുടെയും അടിസ്ഥാനതത്വങ്ങൾ സമാനങ്ങളാണെന്നും, ധാർമ്മിക ജീവിതം നയിക്കാതെ മോക്ഷം പ്രാപിക്കാനാവില്ലെന്നും, സ്വന്തം മതം അനുവർത്തിക്കുന്നതിൽ കൂടി ആത്മസാക്ഷാത്കാരം നേടാനാകുമെന്നും മറ്റും വ്യക്തമാക്കിക്കൊണ്ട് രാജചന്ദ്ര ഗാന്ധിജിക്ക് മറുപടി നൽകി. സംശയങ്ങൾക്ക് തൃപ്തികരമായ മറുപടി കിട്ടിയ ഗാന്ധിജി സ്വന്തം മതം കൂടുതൽ ആഴത്തിൽ പഠിക്കുകയും സ്വന്തം പാരമ്പര്യത്തിൽ ഉറച്ച ബോധ്യമുള്ള ആളായിത്തീരുകയും ചെയ്തു. ഓരോ മതവിശ്വാസിയും സ്വന്തം മതം ആഴത്തിൽ മനസ്സിലാക്കി, സ്വന്തം ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ നല്ല മതാനുയായി ത്തീരുകയാണ് ശരി എന്നും അദ്ദേഹത്തിനു ബോധ്യപ്പെട്ടു. ഇപ്രകാരം സ്വന്തം മതത്തെപ്പറ്റി ശരിയായ ധാരണ രൂപപ്പെടുത്തുന്ന മതവിശ്വാസിക്ക് മറ്റ് മതങ്ങളെ ആദരവോടുകൂടിയേ സമീപിക്കാൻ സാധിക്കൂ എന്നും ഗാന്ധിജി മനസ്സിലാക്കി. താൻ ഒരു സനാതനഹിന്ദുവാണെന്ന് അവകാശപ്പെട്ട ഗാന്ധിജി, ഇക്കാരണം കൊണ്ടുതന്നെ തനിക്ക് ഒരു നല്ല ക്രിസ്ത്യാനിയും, മുസ്ലീമും ആണെന്ന് അവകാശപ്പെടാൻ കഴിയും എന്നും അഭിപ്രായപ്പെടുകയുണ്ടായി. മതങ്ങൾ അടിസ്ഥാനപരമായി തുല്യമാണെന്നും, അതുകൊണ്ടുതന്നെ യഥാർത്ഥ മതവിശ്വാസി മറ്റ് മതങ്ങളെ ആദരവോടുകൂടി പഠിക്കണമെന്നും അദ്ദേഹം നിലപാട് എടുത്തു. എങ്കിൽ മാത്രമേ ഭാവാത്മകമായ മതമൈത്രി രൂപപ്പെടുകയുള്ളൂ എന്നും ഗാന്ധിജി വാദിച്ചു.

യേശുക്രിസ്തുവിന്റെ ജീവിത-ദർശനങ്ങളിലെ അഞ്ചു ഘടകങ്ങളാണ് ഗാന്ധിജിയെ ആഴത്തിൽ സ്വാധീനിച്ചത്. ഇവിടെ ഒരുകാര്യം വ്യക്തമാക്കേണ്ടതുണ്ട്. ഏഷ്യയുടെ ഭാഗമായ പലസ്തീനിലാണ് ക്രിസ്തുമതത്തിന്റെ ഉത്ഭവവികാസങ്ങൾ സംഭവിച്ചത് എങ്കിലും, ഒരു പാശ്ചാത്യമതമായിട്ടാണ് അത് അറിയപ്പെടുന്നത്. റോമൻ ചക്രവർത്തിമാർ ക്രിസ്തുമതം സ്വീകരിക്കുകയും, റോമിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കുകയും ചെയ്തതിന്റെ അനന്തരഫലമായി അത് പാശ്ചാത്യലോകത്ത് സ്വീകരിക്കപ്പെടുകയാണുണ്ടായത്. പാശ്ചാത്യലോകം അനുവർത്തിക്കുന്ന ക്രിസ്തുമതം യേശുദേവന്റെ തത്വങ്ങളുടെ സമ്പൂർണ്ണനിഷേധമാണ് എന്ന സുചിന്തിത അഭിപ്രായമാണ് ഗാന്ധിജിക്കുണ്ടായിരുന്നത്. ആഭ്യന്തര ജീവിതത്തിൽ കടുത്ത അധിനിവേശവും, യുദ്ധങ്ങളും പാശ്ചാത്യ സംസ്കാരത്തിന്റെ മുഖമുദ്രകളായിരുന്നല്ലോ? (ഇന്നും സ്ഥിതി വ്യത്യസ്തമല്ല താനും). ഇത്തരത്തിലുള്ള ഒരു നാഗരികതയെ ക്രൈസ്തവം എന്നു വിശേഷിപ്പിച്ചിരിക്കുന്നത് സത്യവിരുദ്ധമാണെന്ന് ഗാന്ധിജി കരുതി. മേൽ സൂചിപ്പിച്ച ക്രൈസ്തവ വിരുദ്ധമായ വ്യവഹാരങ്ങളിൽ വ്യാപരിക്കുന്ന ഭരണകൂടങ്ങളെ പിന്തുണക്കുകയും, ന്യായീകരിക്കുകയും, അവയിൽനിന്ന് സഹായവും, സംരക്ഷണവും സ്വീകരിക്കുകയും ചെയ്യുന്ന ക്രൈസ്തവ സഭകളും യേശുദേവ

നെയല്ല പിൻപറ്റുന്നത് എന്നും ഗാന്ധിജി അഭിപ്രായപ്പെട്ടു. അതുകൊണ്ട് യേശുദേവന്റെ ജീവിതത്തെയും, പ്രബോധനങ്ങളെയും, ക്രിസ്ത്യാനിറ്റിയേയും വേർതിരിച്ച് കാണുന്നതും, മനസ്സിലാക്കുന്നതുമാണ് ശരി എന്ന് അദ്ദേഹം വിശ്വസിച്ചു. ഗാന്ധിജിയുടെ ഈ നിലപാടിന്റെ സാധുതയെ അംഗീകരിച്ചുകൊണ്ടാണ്, അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തെയും, കർമ്മപരിപാടികളെയും സ്വാധീനിച്ച യേശുദേവന്റെ ജീവിത-ദർശനങ്ങളിലെ അഞ്ചു ഘടകങ്ങൾ വിശദീകരിക്കാൻ ശ്രമിക്കുന്നത്. യേശുദേവന്റെ ജീവിതം, അതിന്റെ സാകല്യത്തിൽ പ്രകാശദായകവും, പ്രചോദനവുമായിരുന്നു ഗാന്ധിജിക്ക്. യേശുദേവന്റെ ജീവിതത്തിലെ ഓരോ സംഭവവും സൂക്ഷ്മമായി വിശകലനം ചെയ്ത് മനസ്സിലാക്കി അദ്ദേഹം. സ്വയം ശുദ്ധീകരണത്തിന്റെ തീവ്രവും, നിരന്തരവുമായ ശ്രമമായിരുന്നു യേശുദേവന്റെ ജീവിതമെന്ന് അദ്ദേഹം വിലയിരുത്തി. യോഹന്നാനിൽ നിന്നും സ്നാനം സ്വീകരിച്ചത് യേശുവിന്റെ വിനയത്തിന്റെ വ്യക്തമായ പ്രഖ്യാപനമായി ഗാന്ധിജി കണക്കാക്കി. യോഹന്നാനിൽ നിന്നും സ്നാനം സ്വീകരിച്ച അനേകരിൽ ഒരുവനായി യേശു സ്വയം നിസ്സാരവൽക്കരിക്കുകയാണ് ചെയ്തതെന്നും അദ്ദേഹം വിശദീകരിച്ചു. സ്നാനത്തെ തുടർന്ന് നാല്പത് രാവും, പകലും മരുഭൂമിയുടെ ഏകാന്തതയിൽ ഉപവസിച്ച് ആത്മീയ നിറവ് പ്രാപിച്ചതും, സാത്താനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ ദൈവാശ്രയത്തിൽ ഉറച്ച് നിന്ന് അതിനെഅനായാസമായി അതിജീവിച്ചതും ആത്മശുദ്ധി ആർജ്ജിച്ചതുകൊണ്ടാണെന്ന് അദ്ദേഹം വ്യക്തമാക്കി. 1930-ൽ സബർമതി ആശ്രമത്തിൽ നിന്ന് എഴുപത്തിയൊമ്പത് സഹപ്രവർത്തകരുമൊത്ത് ദണ്ഡിയിലേക്ക് നടത്തിയ "കടലിലേക്കുള്ള യാത്ര"-'march to the sea' എന്ന ഉപ്പ് സത്യാഗ്രഹയാത്ര യേശുദേവന്റെ യറുശേലം യാത്രയ്ക്ക് സദൃശമാണെന്ന് ഗാന്ധിജി തന്റെ ബ്രിട്ടീഷ് ക്രിസ്റ്റ്യൻ പ്രതിയോഗികളെ ഓർമ്മപ്പെടുത്തി. യേശുവിന്റെ ജീവിതത്തിലെ ലാളിത്യവും, നിസ്വാർത്ഥതയും, ത്യാഗസന്നദ്ധതയും, സാധാരണക്കാരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായുള്ള സമ്പൂർണ്ണമായ ഐക്യപ്പെടലും, അധികാരശക്തികളെ ആത്മശക്തി കൊണ്ട് പ്രതിരോധിച്ചതും ............... എല്ലാം ഗാന്ധിജി മാതൃകയാക്കി.

ഗാന്ധിജിയെ ഏറ്റവും ശക്തമായി സ്വാധീനിച്ച സംഭവം യേശുവിന്റെ കുരിശിലെ മരണമാണ്. ക്രൂശാരോഹണത്തിന്റെ ആത്മീയതയും, രാഷ്ട്രീയവും ഗാന്ധിജി വ്യക്തമായി തിരിച്ചറിഞ്ഞു. നിന്ദിതരുടെയും, പീഢിതരുടെയും പക്ഷത്തുനിന്ന് അധീശത്വശക്തികളെ ചോദ്യം ചെയ്യുകയും, വെല്ലുവിളിക്കുകയും ചെയ്തതിന്റെ സ്വാഭാവിക പരിണതിയായിരുന്നു യേശുവിന്റെ അന്ത്യം. പാശ്ചാത്യ മതവ്യാഖ്യാതാക്കൾ നൽകുന്ന വിശദീകരണങ്ങൾ കുരിശിന്റെ സാർവ്വലൗകിക സ്വീകാര്യതയും, പ്രസക്തിയും പരിമിതപ്പെടുത്തുമെന്ന അഭിപ്രായമാണ് ഗാന്ധിജിക്കുണ്ടായിരുന്നത്. ക്രിസ്ത്യാനികൾക്ക് മാത്രം പ്രസക്തമായ സംഭവമല്ല യേശുവിന്റെ ക്രൂശാരോഹണം. മാനവരാശിക്കാകമാനം പ്രസക്തമായ സ്നേഹത്തിന്റെയും, ത്യാഗത്തിന്റെയും മഹത്വവും, പ്രാധാന്യവും വിളിച്ചോതുന്ന ഒരു മഹാ പ്രതീകമാണ് ഗാന്ധിജിക്ക് കാൽവരിയിലെ കുരിശ് മരണം. സ്റ്റാൻലി ജോൺസ് ശരിയായി ചൂണ്ടിക്കാട്ടിയതുപോലെ പാശ്ചാത്യക്രിസ്തുമതം നൂറ്റാണ്ടുകളിൽ കൂടി അവഗണിക്കുകയും, കുഴിച്ചുമൂടുകയും ചെയ്ത കുരിശിന്റെ കരുത്തും വെളിച്ചവും ഗാന്ധിജിയിൽക്കൂടി പ്രസ്പഷ്ടമാവുകയാണുണ്ടായത്. "ക്രിസ്ത്യാനി എന്നു വിളിക്കപ്പെടാൻ ഇടയില്ലാത്ത ഈ മനുഷ്യൻ മുഖാന്തരം സാധിച്ചത്ര വെളിച്ചം, മനുഷ്യചരിത്രത്തിൽ ഒരിക്കലും, കുരിശിൽ പതിച്ചിട്ടില്ല," എന്ന് സ്റ്റാൻലി ജോൺസ് Gandhian Interpretation എന്ന ഗ്രന്ഥത്തിൽ എഴുതിയത് ശ്രദ്ധിക്കുക. കുരിശിനെസംബന്ധിച്ച് ഒരു അടിസ്ഥാനദർശനം കൂടി ഗാന്ധിജി സാക്ഷ്യപ്പെടുത്തി: കുരിശ് ശിഷ്യത്വത്തിലേക്കുള്ള ആഹ്വാനമാണ് - a call to discipleship. ക്രിസ്ത്യൻ മിഷനറിമാർ അഭ്യർത്ഥിച്ചതനുസരിച്ച് അദ്ദേഹം അവർക്ക് നൽകിയ നാല് ഉപദേശങ്ങളിൽ ഒന്ന് 'adopt the cross as a way of life' എന്നായിരുന്നു. കുരിശിനെജീവിതചര്യയാക്കിത്തീർക്കുക.

ഗാന്ധിജിയെ വധിച്ച വാർത്ത റിപ്പോർട്ട് ചെയ്ത ഒരു പാശ്ചാത്യ ദിനപ്പത്രം ഗാന്ധിവധത്തെ രണ്ടാം ക്രൂശാരോഹണം-വേല second crucification എന്നായിരുന്നു വിശേഷിപ്പിച്ചത്.

ഗാന്ധിജിയെ സ്വാധീനിച്ച മൂന്നാമത്തെ ഘടകം യേശുവിന്റെ പ്രശസ്തമായ ഗിരിപ്രഭാഷണം- Sermon on the mount ആണ്. പ്രഥമ വായനയിൽത്തന്നെ ഗിരിപ്രഭാഷണം നേരിട്ട് ഹൃദയത്തിലേക്ക് പ്രവേശിച്ചു എന്ന് ഗാന്ധിജി രേഖപ്പെടുത്തിയിട്ടുണ്ട്. ഗിരിപ്രഭാഷണം അഹിംസയുടെ സത്യത്തെ അടിവരയിട്ട് ഉറപ്പിക്കുന്നതുകൊണ്ട് "ഞാൻ ആഹ്ലാദഭരിതനായിത്തീർന്നു" എന്ന് അദ്ദേഹം എഴുതി. "കണ്ണിനുപകരം കണ്ണും, പല്ലിനുപകരം പല്ലും" എന്ന് അരുളി ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത്: ദുഷ്ടനോട് എതിർക്കരുത്. നിന്റെ വലത്തേ ചെകിട്ടത്ത് അടിക്കുന്ന

വന്ന് മറ്റേതും തിരികെ കാണിക്ക ......" തുടങ്ങിയ വാകൃങ്ങളാണ് ഗാന്ധിജിയെ ആഹ്ലാദഭരിതനാക്കിയത്. യേശുദേവന്റെ ജീവിതദർശനത്തിന്റെയും, അതുവഴി ക്രിസ്തുധർമ്മത്തിന്റെയും, സാരസംഗ്രഹമായിട്ടാണ് ഗാന്ധിജി ഗിരിപ്രഭാഷണത്തെ വിലയിരുത്തിയത്. അത് ഭഗവദ്ഗീതക്ക് തുല്യമാണെന്നും അദ്ദേഹം രേഖപ്പെടുത്തി. മുമ്പ് ചൂണ്ടിക്കാട്ടിയതുപോലെ ഇവയിലെ സന്ദേശങ്ങളെ ഗാന്ധിജി സ്വന്തം ജീവിതത്തിലും കർമ്മപരിപാടികളിലും ഏകീകരിക്കുകയും ചെയ്തു.

ഗിരിപ്രഭാഷണത്തിൽ യേശുദേവൻ അവതരിപ്പിച്ച ആദർശങ്ങളും, ആശയങ്ങളും, നിർദ്ദേശങ്ങളും അപ്രായോഗികമായ കേവല ആദർശങ്ങളാണെന്നും, അവ സന്യാസിമാരെയും, പുരോഹിതന്മാരെയും മാത്രം ഉദ്ദേശിച്ചുള്ളവയാണെന്നും അഭിപ്രായപ്പെടുന്ന ക്രിസ്ത്യാനികളുണ്ടെന്ന വാർത്ത ഗാന്ധിജിയെ അസ്വസ്ഥനാക്കി. "ഞാനത് വിശ്വസിക്കുകയില്ല. ഓരോരുത്തരുടേയും നിതൃജീവിതത്തിൽ നിർണ്ണായകമായി പ്രയോജനപ്പെടുന്നില്ലെങ്കിൽ ഗിരി പ്രഭാഷണത്തിന് എന്തെങ്കിലും അർത്ഥമുണ്ടെന്ന് കരുതാനാവില്ല" എന്ന് അദ്ദേഹം എഴുതി. വാസ്തവത്തിൽ ഗിരിപ്രഭാഷണം പ്രത്യക്ഷരം സത്യവും പ്രായോഗികവുമാണെന്ന് സ്വന്തം കർമ്മകാണ്ഡം കൊണ്ട് തെളിയിച്ച് കാണിച്ചുകൊടുക്കുകയായിരുന്നു ഗാന്ധിജി. ഗിരിപ്രഭാഷണത്തിന്റെ രാഷ്ട്രീയമായിരുന്നു ഗാന്ധിജിയുടെ രാഷ്ട്രീയം എന്നും വ്യാഖ്യാനിക്കാവുന്നതാണ്.

ആയുധബലത്തിന്റെ മാത്രം കരുത്തിൽ അധിഷ്ഠിതമായതും, നിത്യേനക്രിസ്തുവിനെനിരാകരിക്കുന്നതുമായ ഭരണകൂടങ്ങളിൽ വിശ്വാസമർപ്പിക്കുന്ന (മഹാഭൂരിപക്ഷം) അംഗങ്ങളുള്ള ക്രിസ്തുമതം ആ പേരിനുപോലും അർഹമല്ല എന്ന് അദ്ദേഹം വാദിച്ചു. എല്ലാ കാലത്തേക്കും പ്രസക്തമായ വിജ്ഞാനത്തിന്റ മണിമുത്തുകൾ കൊണ്ട് നിബിഡമായ ഗിരിപ്രഭാഷണത്തിന്റെ പ്രസക്തി ക്രിസ്ത്യാനികളും, ലോകവും അനതി വിദൂരഭാവിയിൽ തിരിച്ചറിയുമെന്നും, പ്രസ്തുത ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ജീവിതക്രമത്തിനായുള്ള പ്രയത്നം ആരംഭിക്കുമെന്നും ഗാന്ധിജി പ്രത്യാശിച്ചിരുന്നു.

ദൈവരാജ്യത്തെപ്പറ്റിയുള്ള വേല Kingdom of God യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളാണ് ഗാന്ധിജിയെ സ്വാധീനിച്ച അടുത്ത സുപ്രധാനഘടകം. ദൈവരാജ്യ സങ്കല്പത്തിന്റെ സമഗ്രത ഗാന്ധിജി അനായാസം തിരിച്ചറിഞ്ഞു. യേശുക്രിസ്തു അവതരിപ്പിച്ച ദൈവരാജ്യസങ്കല്പം ഒരേ സമയം രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യ, ആദ്ധ്യാത്മികമാനങ്ങളുള്ള ഒരു സമഗ്ര പരികല്പനയായിരുന്നു. ജീവിതത്തിന്റെ സമസ്ത രംഗങ്ങളേയും അടക്കി ഭരിച്ച് ചൂഷണം ചെയ്തുകൊണ്ടിരുന്ന റോമാ ചക്രവർത്തിയായ കൈസറിനെ സ്ഥാനഭ്രഷ്ടനാക്കി തൽസ്ഥാനത്ത് സ്നേഹ സമ്പന്നനായ പിതാവായ ദൈവം സർവ്വ നിയന്താവായിത്തീരുമ്പോഴുണ്ടാകുന്ന പരിവർത്തനങ്ങളാണ് ഈ പരികല്പനസൂചിപ്പിക്കുന്നത്. സകലവിധ ബന്ധനങ്ങളിൽ നിന്നുമുള്ള വിമോചനമാണത്. ഗാന്ധിയൻ പദാവലിയിൽ "സ്വരാജും", "സർവ്വോദയവുമാണത്". അവസാനത്തെ-അതായത് ഏറ്റവും ബലഹീനനായ വ്യക്തിയുടെ മോചനത്തിൽ നിന്നാണ് അത് ആരംഭിക്കേണ്ടത്. ഇവിടെ ദൈവരാജ്യം അന്ത്യോദയമാകുന്നു. അത് കുരുടന്റെ കാഴ്ചയും, മുടന്തന്റെ കാലുകളുടെ ബലവും, ദരിദ്രരുടെ സുഭിക്ഷതയും, അടിമകളുടെ സ്വാതന്ത്ര്യവും, സമസ്ത മനുഷ്യരുടെയും സമത്വവുമാകുന്നു. അത് പുതിയ ആകാശവും, പുതിയ ഭൂമിയുമാകുന്നു. അതുകൊണ്ട് നാം ആദ്യം തേടേണ്ടത് ദൈവരാജ്യമാണെന്ന് യേശുദേവൻ ആവശ്യപ്പെട്ടു. ഗാന്ധിജി ഇത് അടിവരയിട്ടും ആവർത്തിച്ചും പറയുകയുണ്ടായി. "ദൈവരാജ്യം നമ്മുടെ ഉള്ളിൽത്തന്നെയാണ് എന്ന് എന്റെ അനുഭവങ്ങൾ എന്നോട് പറയുന്നു" എന്ന് ഗാന്ധിജി എഴുതി. ''പ്രഭോ'', "പ്രഭോ" എന്ന് വിളിച്ചുപറയുന്നതുകൊണ്ട് നേടാവുന്നതല്ല ദൈവരാജ്യം, മറിച്ച് പിതാവിന്റെ ഹിതവും, പ്രവൃത്തിയും നിറവേറ്റുന്നതിൽ കൂടി മാത്രം കൈവരിക്കാവുന്നതാണത് എന്ന വാകൃവും അദ്ദേഹം ആവർത്തിച്ച് ഉദ്ധരിച്ചുകൊണ്ടിരുന്നു. സ്വതന്ത്രഭാരതത്തിന്റെ രാഷ്ട്രീയ - സാംസ്കാരിക - ആദ്ധ്യാത്മിക സത്തയെ സൂചിപ്പിക്കാനായി ഗാന്ധിജി ''രാമരാജ്യം'' എന്ന സംജ്ഞ ഉപയോഗിച്ചു. "ദൈവരാജ്യം" എന്ന ക്രൈസ്തവ പ്രയോഗവും രാമരാജ്യവും തമ്മിൽ യാതൊരന്തരവുമില്ലെന്നും, ഇസ്ലാമിലെ "ഖുദായി" ഇതുതന്നെയാണെന്നും ഗാന്ധിജി വിശദീകരിക്കുകയുണ്ടായി. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തെ യേശുക്രിസ്തുവിന്റെ ദൈവരാജ്യ സങ്കല്പവുമായി സംയോജിപ്പിക്കുക വഴി മാനവ വിമോചനത്തിന്റെ മഹാസന്ദേശമാണ് താൻ വിവക്ഷിക്കുന്നതെന്നാണ് യഥാർത്ഥത്തിൽ ഗാന്ധിജി സൂചിപ്പിക്കുന്നത്.

യേശുക്രിസ്തു പ്രസംഗിച്ച ദൈവരാജ്യത്തിന്റെ മർമ്മം സമത്വവും, നീതിയുമാണ്. ദൈവം സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യരെല്ലാം സമന്മാരാണ്. ദൈവം സ്വന്തം സൃഷ്ടികൾക്കിടയിൽ യാതൊരു വിവേചനവും പാലിക്കുന്നില്ല. സൂര്യൻ പ്രകാശിക്കുന്നതും,

മഴ പെയ്യുന്നതും എല്ലാത്തിന്റേയും, എല്ലാവരുടെയും മേലാണല്ലോ. ഈശ്വരരഹിതമായ സമത്വവും, നീതിയും എങ്ങനെ യാഥാർത്ഥ്യമാക്കാൻ സാധിക്കും? കേവലം പ്രാർത്ഥനകൊണ്ടോ, ആരാധനകൊണ്ടോ നിർമ്മിക്കപ്പെടുന്നതല്ല അവ. അഥവാ ദൈവരാജ്യം. ദൈവരാജ്യ സൃഷ്ടിക്കായി മനുഷ്യൻ പ്രയത്നിക്കേണ്ടതുണ്ട് എന്ന് യേശുദേവൻ വ്യക്തമാക്കിയിട്ടുണ്ട്. ദൈവരാജ്യസങ്കല്പത്തിലെ പ്രയോഗത്തിന്റെ-praxis-ഈ തലം ഗാന്ധിയെ ശക്തമായി സ്വാധീനിച്ചു. നീതിനിഷ്ഠമായ സമൂഹക്രമത്തിന്റെ സൃഷ്ടിക്കായി മനുഷ്യർ ബോധപൂർവ്വം പ്രവർത്തി എടുക്കണം. യേശുവിന്റെ പൊതു പ്രവർത്തനം വ്യക്തമാക്കുന്നതുപോലെ നീതിസമൂഹരചനക്ക് അഥവാ ദൈവരാജ്യത്തിന്റെ ''കെട്ടുപണി"ക്ക് ദ്വിവിധ കർമ്മപരിപാടി സ്വീകരിക്കേണ്ടിവരുമെന്ന് ഗാന്ധിജി തിരിച്ചറിഞ്ഞു; അതായത് അനീതിയെ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങളും, നവസമൂഹരചനയിലേക്ക് വികസിക്കുന്ന സേവന-നിർമ്മാണ പ്രവർത്തനങ്ങളും ദൈവരാജ്യ നിർമ്മിതിക്ക് സ്വീകരിക്കുന്ന മാർഗ്ഗങ്ങളുടെ സ്വഭാവത്തെപ്പറ്റിയും യേശുദേവനെപ്പോലെ ഗാന്ധിജിക്കും ചില നിർബ്ബന്ധങ്ങളുണ്ടായിരുന്നു. ലക്ഷ്യം പോലെ തന്നെ മാർഗ്ഗവും സംശുദ്ധമായിരിക്കണം എന്ന നിഷ്ക്കർഷയാണത്. അതുകൊണ്ടാണ് ഇരുവരും അഹിംസയെ അഥവാ സ്നേഹത്തെ കേന്ദ്രമൂല്യമായി അംഗീകരിച്ച്, പാലിച്ചത്. ശത്രുവിനെതന്നേപ്പോലെ തന്നെ സ്നേഹിക്കുക എന്ന ക്രിസ്തുവിന്റെ ഉപദേശത്തിന്റെ രാഷ്ട്രീയ പ്രയോഗമാണ് ഗാന്ധിജിക്ക് സത്യാഗ്രഹം. യേശുവിന്റെ സ്നേഹസന്ദേശത്തെ സാമൂഹ്യ-രാഷ്ട്രീയ മേഖലകളിൽ എങ്ങനെ പ്രയോഗിക്കാം എന്ന സമസ്യക്കുള്ള മറുപടി ഗാന്ധിയൻ സത്യാഗ്രഹത്തിലാണ് താൻ കണ്ടെത്തിയത് എന്ന് റവ. മാർട്ടിൻ ലൂഥർ കിങ് ജൂനിയർ സാക്ഷ്യപ്പെടുത്തിയത് ഇവിടെ പ്രസക്തമാകുന്നു. സത്യാഗ്രഹത്തിലും, നിർമ്മാണ പരിപാടികളിലും കൂടി ഗാന്ധിജി ദൈവരാജ്യ സങ്കല്പത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക തലങ്ങൾ പ്രയോഗവൽക്കരിച്ച് Gandhi's Challenge to Christianity എന്ന തന്റെ ഗ്രന്ഥത്തിൽ പ്രസ്ഥാവിച്ചിട്ടുള്ളതും എടുത്തുപറയേണ്ടതാണ്.

സ്വന്തം പഠന-മനനങ്ങളിൽ കൂടി ക്രിസ്തു സന്ദേശത്തിന്റെ ആത്മാവ്-മർമ്മം-കണ്ടെത്തിയ ഗാന്ധിജി അത് സ്വന്തം ജീവിതത്തിൽ പകർത്തുന്നതിനും പാലിക്കുന്നതിനും ജാഗ്രതാപൂർവ്വം ശ്രമിച്ചു. പാശ്ചാത്യ പ്രയോഗത്തിൽ കൂടി വികലമാക്കപ്പെട്ട ക്രിസ്തുദർശനത്തെ സ്വന്തം പ്രയോഗങ്ങൾ-praxis വഴി അദ്ദേഹം വിമോചിപ്പിക്കുകയും, പ്രയോഗക്ഷമമാണെന്ന് തെളിയിക്കുകയും ചെയ്തു. ഗാന്ധിജിയുടെ സമകാലീനരായിരുന്ന പാശ്ചാത്യരും പൗരസ്ത്യരുമായ-ക്രിസ്റ്റ്യൻ ചിന്തകർ ഈ സത്യം തിരിച്ചറിയുകയും അതേപ്പറ്റി അത്ഭുതാദരങ്ങളോടെ എഴുതുകയും ചെയ്തിട്ടുണ്ട്. റവ. ജോൺ എച്ച്. ഹോംസ് മുതൽ റവ. സ്റ്റാൻലി ജോൺസ് വരെ അനേകരുടെ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനാവും. ആധുനിക ക്രൈസ്തവ വേദശാസ്ത്രജ്ഞരിൽ പ്രമുഖരായ പലരും യേശുവും ഗാന്ധിയും തമ്മിലുള്ള പൊരുത്തം ചർച്ച ചെയ്യുന്നുണ്ട്. വാൾട്ടർ വിങ്ക്, മാർക്കസ് ബോർഗ്, ഹൂസ്റ്റൺ സ്മിത്ത്, ടെറൻസ് റിൻ, ജെയിംസ് ഡഗ്ളസ് എന്നിങ്ങനെയുള്ള ക്രിസ്റ്റോളജിസ്റ്റുകൾ ഇവരിൽ ചിലരാണ്. ഇന്ത്യയിൽ നിന്ന് എസ്.കെ. ജോർജ്ജിനും, ജെ.സി. കുമരപ്പയ്ക്കും ശേഷം, ഡോ. എം.എം. തോമസ് ഗാന്ധിജിയെ ക്രിസ്റ്റ്യൻ വേദശാസ്ത്ര പരിപ്രേക്ഷ്യത്തിൽ നിന്ന് പഠിക്കാനും, വിലയിരുത്താനും ശ്രമിച്ചിട്ടുണ്ട്.

യേശുക്രിസ്തുവിനുശേഷം അദ്ദേഹത്തിന്റെ ദർശനങ്ങൾ പ്രയോഗിച്ചുകാണിച്ചത് ക്രിസ്ത്യൻ നാമധാരിയല്ലാത്ത ഇന്ത്യാക്കാരനായ ഒരാളാണ് എന്നതിൽ സ്റ്റാൻലി ജോൺസിനൊപ്പം പല പാശ്ചാത്യ വേദശാസ്ത്രജ്ഞരും വിസ്മയപ്പെട്ടിട്ടുണ്ട്. ഭാരതീയനായ, ഹിന്ദുവായ ആ ക്രിസ്ത്യനുയായിയെ ഇന്ത്യൻ ക്രിസ്ത്യാനികൾ ഗൗരവപൂർവ്വം പഠിക്കേണ്ടിയിരിക്കുന്നു.

(C.S.S. പ്രസിദ്ധീകരിച്ച മനുഷ്യദർശനം, ക്രൈസ്തവ വിചിന്തനങ്ങൾ, സമീപനങ്ങൾ എന്ന ഗ്രന്ഥത്തോട് കടപ്പാട്)


## ഗിലയാദ് മരിയൻ ഓർഫനേജ് & റീട്രീറ്റ് സെന്റർ

**വടകര, കൂത്താട്ടുകുളം**

**Ph: 9961636342, 9446450231**

വി. കുർബ്ബാനാനുഭവ ധ്യാനം : ശനി 8 a.m. to 12.30 p.m.
മദ്ധ്യസ്ഥപ്രാർത്ഥന : ബുധൻ, വെള്ളി ദിവസങ്ങളിൽ 9 a.m. to 1.00 p.m.
ഞായർ വി. കുർബ്ബാന : 6.30 a.m. to 8.30 a.m.

വയോഭവനിൽ സൗജന്യമായും
അല്ലാതെയും താമസസൗകര്യം ലഭ്യമാണ്.

തിരുവചനവിചാരം

# ഫലം കായ്ക്കാത്ത അത്തി സഭയ്ക്കൊരു മുന്നറിയിപ്പ്

വേദഭാഗം : മത്തായി 21:18-20, മർക്കോസ് 11:12-14, 20-22

ഡോ. തോമസ് അത്താനാസ്യോസ്

കർത്താവ് ഫലം കായ്ക്കാത്ത അത്തിയെ ഉണക്കിയ സംഭവത്തിന്റെ വിവരണമാണ് ഈ വേദഭാഗങ്ങളിൽ നാം വായിക്കുന്നത്. ബത് അനിയോയിൽ നിന്ന് യെരുശലേമിലേക്കുള്ള അദ്ദേഹത്തിന്റെ യാത്രാമദ്ധ്യേ ഒരു അത്തി നിന്നിരുന്നു. കർത്താവ് അതിന്റെ സമീപം ചെല്ലുകയും ഫലം ഇല്ലാതിരുന്ന അത്തി ഇനിമേലിൽ ഫലം പുറപ്പെടുവിക്കുകയില്ല എന്ന് പ്രസ്താവിക്കുകയും അത് തൽക്ഷണം ഉണങ്ങിപ്പോകുകയും ചെയ്തു എന്നാണ് പ്രസ്തുത വേദഭാഗത്തിന്റെ പ്രമേയം.

ഈ വേദഭാഗം യഥാർത്ഥ സംഭവവും സുവിശേഷകരുടെ അഭിപ്രായവും (comments) ചേർന്നതാണ്. അതുകൊണ്ട് വസ്തുതയും അഭിപ്രായവും വേർതിരിച്ച് കാണേണ്ടതുണ്ട്. കർത്താവ് ശിഷ്യന്മാരുമായി ബത്അനിയൊയിൽ നിന്ന് യെരുശലേമിലേക്ക് പോവുകയായിരുന്നു എന്നത് വസ്തുതയാണ്. എന്നാൽ യേശുവിന് വിശപ്പുണ്ടായിരുന്നു എന്നുള്ളത് സുവിശേഷകന്റെ അഭിപ്രായമാണ്. വീണ്ടും യേശു ഒരു അത്തിമരം കാണുകയും അതിന്റെ അടുക്കൽ ചെന്നു എന്നതും സംഭവത്തിന്റെ ഭാഗമാണ്. അതിൽ ഫലം കാണും എന്ന് യേശു ചിന്തിച്ചു എന്നത് വീണ്ടും സുവിശേഷകന്റെ ഭാഷ്യമാണ്. അതിൽ കായ്കൾ ഉണ്ടായിരുന്നില്ല എന്നത് യഥാർത്ഥ വസ്തുതയാണ്. എന്നാൽ അത് അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു എന്നത് സുവിശേഷകന്റെ അഭിപ്രായമാണ്. യേശു മരത്തോട് ഇനി ഫലം പുറപ്പെടുവിക്കുകയില്ല എന്നത് വീണ്ടും വസ്തുതയാണ്. ആ മരം ഉണങ്ങിപ്പോയിഎന്നത് യാഥാർത്ഥ്യവുമാണ്. എന്നാൽ അത് കർത്താവിന്റെ ഇച്ഛാഭംഗം കൊണ്ട് പറഞ്ഞതാണ് എന്ന സൂചനയിൽ സുവിശേഷകന്റെ മനസ്സാണ് പ്രകടമാകുന്നത്. അതായത് വസ്തുതയും സുവിശേഷകന്റെ അഭിപ്രായവും കൂടിച്ചേർന്നാണ് സുവിശേഷഭാഗം രൂപപ്പെട്ടിരിക്കുന്നത്.

യേശുവിന് വിശന്നിരുന്നു എന്നതും, വഴിയരികെ നിന്നിരുന്ന അത്തിയിൽ ഫലം കാണും എന്നു ചിന്തിച്ചതും, അതിൽ അദ്ദേഹം നിരാശനായി എന്ന സൂചനയും, അത് അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു എന്ന പ്രസ്താവനയും സുവിശേഷകരുടെ ചിന്തകളും അഭിപ്രായങ്ങളുമാണ് ഇവ ഒഴിച്ചുള്ള സംഭവം പുനർനിർമ്മിച്ചാൽ അതിന്റെ അർത്ഥം കൂടുതൽ വ്യക്തമാകും. അത് ഏകദേശം ഇപ്രകാരം ആയിരിക്കും.

യേശു ബത്അനിയൊയിൽ നിന്ന് യെരുശലേം നഗരത്തിലേക്ക് പ്രഭാതത്തിൽ യാത്ര ചെയ്യുകയായിരുന്നു. യാത്രാമദ്ധ്യേ വഴിയിൽ അവൻ ഒരു അത്തിമരം കണ്ടു. (ദൂരെയായി എന്ന് മർക്കോസ്) അവൻ അതിന്റെ അടുക്കൽ ചെന്നു. അതിൽ ഇലകൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. യേശു ആ മരത്തോട് ഇനിമേലാൽ ഫലം പുറപ്പെടുവിക്കുകയില്ല എന്നു പറഞ്ഞു. അത് ഉണങ്ങിപ്പോയി അഥവാ അവർ പിറ്റേ ദിവസം യാത്ര ചെയ്യുമ്പോൾ അത് ഉണങ്ങിയിരുന്നതായി കാണപ്പെട്ടു. (മർക്കോസ് 11:20) അതായത് യേശുവിന് വിശന്നിരുന്നു. അതിൽ അത്തിയിൽ ഫലം പ്രതീക്ഷിച്ചു എന്നാൽ അത് അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു എന്നീ പ്രസ്താവനകൾ സംഭവത്തിന്റെ അർത്ഥം തിരിച്ചെടുക്കുന്നതിൽ നിന്ന് പഠനം നടത്തുന്നവരെ തടസ്സപ്പെടുത്തുന്നതായി തോന്നുന്നു.

യേശുവിന് കലശലായ വിശപ്പുണ്ടായിരുന്നു എന്ന സുവിശേഷകരുടെ സങ്കല്പത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സംഭവത്തെ അവർ വ്യാഖ്യാനിക്കുന്നത്. വിശപ്പുകൊണ്ട് നിയന്ത്രണം വിട്ട യേശു മരത്തിന്റെ അടുക്കൽ ഫലം പ്രതീക്ഷിച്ചു ചെന്നു, എന്നാൽ അത്തി കായ്ക്കുന്ന കാലമല്ലാത്തതിനാൽ യേശുവിന് നിരാശയും, മരത്തോട് ദേഷ്യവും തോന്നി അത്തിയെ ശപിച്ചു. ഇത് സുവിശേഷകന്റെ വക ഈ സംഭവത്തിന്റെ വ്യാഖ്യാനമായി കാണണം. വിശപ്പു കേറിയ യേശു അസമയത്ത് ഫലം പ്രതീക്ഷിച്ചു എന്നും, കിട്ടാതെ വന്നപ്പോൾ മരത്തെ ശപിച്ച് ഉണക്കി എന്നും വരും. ഇത് കർത്താവിനെപ്പറ്റി വളരെ തെറ്റായ ചിത്രമാണ് സൃഷ്ടിക്കുക. അത്തി കായ്ക്കുന്നതും ഫലം പാകമാകുന്നതും ജൂൺ മാസത്തിലാണ്. യേശു തമ്പുരാൻ കൊല്ലപ്പെട്ടതിന് തൊട്ടു മുമ്പുള്ള നടക്കുന്ന സംഭവമായതിനാൽ മാർച്ച്-ഏപ്രിൽ മാസത്തിലാണ് അത് നടക്കുന്നത്. ആ സമയം എങ്ങനെ അത്തിയിൽ നിന്ന് ഫലം കിട്ടും. എങ്ങനെ യേശുവിന് അത്തിയിൽ ഫലം പ്രതീക്ഷിക്കാനാവും. ശമരിയാ സ്ത്രീക്ക്

അഞ്ചു ഭർത്താക്കന്മാർ ഉണ്ടായിരുന്നുവെന്നും ഇപ്പോഴുള്ളവൻ ഭർത്താവല്ല എന്നും കൃത്യമായി പറയുന്ന യേശുവിന് അകാലത്തിൽ അത്തിയിൽ ഏതു സൂചനകൾ കണ്ടാലും അതിൽ പഴം കാണുകയില്ല എന്ന് മനസ്സിലാക്കാനും കഴിയും എന്നത് ഒരു വസ്തുതയാണ്. അകാലത്തിൽ പഴമില്ലാത്തതിന്റെ പേരിൽ ആ മരത്തെ കർത്താവ് എന്തിനു ശപിക്കണം. ഒരു മരത്തിൽ ഫലം ഉണ്ടാകുന്നതിനെ നിയന്ത്രിക്കുന്നത് നിർദ്ദിഷ്ട കാലവും, കാലാവസ്ഥയും, ജലവും, വെയിലും ഒക്കെയല്ലെ. സാഹചര്യങ്ങൾ അനുകാലമല്ലാത്ത അവസ്ഥയിൽ അതിന് കായ്ക്കുവാനാകുമൊ. മരത്തിന് ഫലം കായ്ക്കുവാൻ സ്വയം ഇച്ഛിക്കനാവുമൊ. ആ സാഹചര്യത്തിൽ കർത്താവിന് മരത്തെ ശപിക്കുവാൻതക്ക ദേഷ്യം ഉണ്ടാകാമൊ. ആ മരത്തെ ശപിക്കാമൊ. അങ്ങനെപ്രവർത്തിച്ചാൽ യേശു യഥാർത്ഥ രക്ഷക സങ്കല്പത്തിൽ നിന്ന് എത്രയൊ അകലെയാണ്.

അതുകൊണ്ട് സുവിശേഷകർ ഒരുക്കുന്ന വിവരണ പശ്ചാത്തലത്തിൽ നിന്ന് യേശുവിന്റെ പ്രവർത്തനം സ്വതന്ത്രമാക്കണം. അത്തി വൃക്ഷം പലസ്തീൻ നാട്ടിൽ അടിസ്ഥാനഭക്ഷണം ഒരുക്കുന്ന മരമാണ്. അത്തിപ്പഴവും അത്തി അടയുമെല്ലാം ഫലസ്തീൻ ജനതയുടെ ഇഷ്ടഭക്ഷണവും പോഷകവസ്തുവുമാണ്. അതിനെ യിസ്രായേൽ സ്വന്തം പ്രതീകമായി മനസ്സിലാക്കിയിരുന്നു. ഇലത്തഴപ്പുള്ള അത്തി ഫലം പുറപ്പെടുവിക്കാതെ തഴച്ചുനിന്നത് ദൗത്യനിർവ്വഹണം നടക്കാത്ത യിസ്രായേലിന്റെ പ്രതീകമാണ്. അതായത് അത് ഇനി ഫലം പുറപ്പെടുവിക്കുകയില്ല എന്ന് കർത്താവ് പറഞ്ഞ് രക്ഷാചരിത്രത്തിലുള്ള യിസ്രയാലിന്റെ പങ്കും ഭാഗധേയത്വവും അവസാനിച്ചതിന്റെ പ്രതീകാത്മകമായ അവതരണമാണ് ഇവിടെ വായിക്കുന്നത്. കർത്താവിന്റെ ക്രൂശാരോഹണം ആസന്നമായതോടെ യിസ്രായേലിന്റെയും അതിന്റെ യാഗ-ആരാധന-മത ജീവിതത്തിന്റെയും സാംഗത്യം നഷ്ടപ്പെട്ടു എന്നു വിശദീകരിക്കുവാൻ പലതും പ്രവർത്തിക്കുകയും പറയുകയും ചെയ്തതിൽ ഒന്നായി ഇതിനെ കാണേണ്ടിയിരിക്കുന്നു. യെരുശലേം ദേവാലയത്തിന്റെ ശുദ്ധീകരണത്തോടനുബന്ധിച്ച് യാഗജന്തുക്കളെയും അവയുടെ വ്യാപാരം നടത്തിയവരെയും പുറത്താക്കുന്നത് ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കണം. തന്റെ മരണം മൂലം മൃഗബലിയും ആരാധനയും ഇനി സാംഗത്യം നഷ്ടപ്പെട്ടു എന്നതാണ് സൂചന. അതുപോലെ തന്നെ ലൂക്കോസ് 20:9-19, മത്തായി 21:33-41, മർക്കോസ് 12:1-2 എന്നിവിടങ്ങളിലെല്ലാം നിയോഗം മറന്ന ദാസന്മാരുടെ തിരസ്ക്കരണം പഴയ യിസ്രായേലിന്റെ സാംഗത്യം നഷ്ടപ്പെടുന്നതിനെപ്പറ്റിയുമുള്ള പരാമർശമാണ്.

അതുകൊണ്ട് അത്തി ഉണക്കുന്നത് കർത്താവിന്റെ ഇച്ഛാഭംഗം കൊണ്ടല്ല. ഫലം പുറപ്പെടുവിക്കാത്ത യിസ്രായേലിന്റെ സാംഗത്യം നഷ്ടപ്പെട്ടുവെന്ന് ശിഷ്യന്മാർ മനസ്സിലാക്കാനായി. പഴയനിയമ പ്രവാചകന്മാർ അനുവർത്തിച്ച് വന്ന രീതിയിലുള്ള ഒരു പ്രതീകാത്മക നടപടി (aymbolic act) ആണ്. പഴയനിയമത്തിലെ പ്രവാചകന്മാർ ജനശ്രദ്ധ പിടിച്ചുപറ്റി ദൈവഹിതം അറിയിക്കാൻ പ്രയോഗിച്ചിരുന്ന ഒരു രീതിയും സമ്പ്രദായവും കർത്താവ് അവലംബിച്ചു എന്നതാണ്. നിയോഗബോധം നഷ്ടമായ യിസ്രായേലിന് അത്തിയെപ്പോലെ ഫലമില്ലാത്ത ഇലത്തഴപ്പുള്ള പ്രസക്തി നഷ്ടപ്പെട്ട കാര്യം വ്യക്തമാക്കുവാൻ ഉപയോഗപ്പെടുത്തുന്ന ഒരു പ്രവാചക നടപടിയായി ഇതിനെകാണണം. അതോടെ ബന്ധപ്പെട്ട സംശയങ്ങളുടെ നിവാരണങ്ങളുമായി. ഇത് കർത്താവിന്റെ വിശപ്പുകൊണ്ട് സാന്ദർഭികമായി നടത്തിയ കാര്യമല്ല. യേശു ബോധപൂർവം കണക്കുകൂട്ടി പ്രവർത്തിക്കുന്ന സംഭവമാണ്.

എന്നാൽ ഈ പ്രതീകാത്മ നടപടി നമുക്ക് വ്യക്തിപരമായും നമ്മുടെ വിശ്വാസസമൂഹത്തിനും സഭയ്ക്കും ഉള്ള മുന്നറിയിപ്പ് കൂടിയാണ്. ഭൗതീകമായി മാത്രം വളരുന്നതും അതിൽ മാത്രം ശ്രദ്ധിക്കുന്നതും അത് ദൈവകൃപയുടെ സൂചകമെന്ന് മനസ്സിലാക്കുകയും ചെയ്യുന്ന ചിന്തയ്ക്ക് ഉള്ള തിരുത്ത്. ക്രിസ്തീയ സാക്ഷ്യവും ദൈവനീതിയും മറക്കുന്നവർക്ക് ഉണ്ടാകാവുന്നത് സമൂലമായ ഉണക്കവും, ദൈവസന്നിധിയിൽ നിന്നുള്ള തിരസ്കരണമാവും. ഭൗതീക സമൃദ്ധിയിൽ മാത്രം ലക്ഷ്യം വയ്ക്കുകയും, അത് ദൈവീക അധികാരത്തിന്റെ മാനദണ്ഡമായി വിലയിരുത്തപ്പെടുന്ന ജീവിതത്തിന്റെ ശുഷ്ക്കതയും, തിരസ്കരണ സാധ്യതയും നമുക്കും നമ്മുടെ ഇടവകയ്ക്കും, സഭയ്ക്കുമെല്ലാമുള്ള താക്കീതായി മനസ്സിലാക്കി വലിയ നോമ്പുകാലത്ത് ജീവിതം അർത്ഥവത്താക്കുവാൻ ശ്രമിക്കേണ്ടതുണ്ട്.


## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക് - 100 രൂ.
ആയുഷ്ക്കാലം - 1000 രൂ.
വിദേശത്ത് - 6000 രൂ.
(100 ഡോളർ)

*(2-ാം പേജിൽ നിന്ന് തുടർച്ച)*

എന്നതിനേക്കാൾ ശരിയായത് 'പിതാവിന്റെ അതേ സാരാംശമുള്ള വനും' എന്നതാണ്.

വിശ്വാസപ്രമാണത്തിന്റെ അവസാനഖണ്ഡികയിൽ 'പാപമോചനത്തിന് മാമോദീസാ ഒന്നു/ഒരിക്കൽ മാത്രമേ ഉള്ളൂ' എന്നു ചൊല്ലുമ്പോൾ മാമോദീസായുടെ തവണയ്ക്കാണ് ഊന്നൽ നൽകുന്നത്. എന്നാൽ തവണയ്ക്കല്ല പ്രാധാന്യം നൽകേണ്ടത്; ഏക മാമ്മോദീസ വീണ്ടെടുപ്പിനുള്ള മാർഗമായുള്ള ഏറ്റുപറച്ചിലാണിവിടെ. വരുവാനുള്ള ലോകത്തിലെ 'പുതിയ ജീവന്' വേണ്ടിയല്ല 'ജീവിതത്തിനു' വേണ്ടിയാണ് നോക്കിപ്പാർക്കുന്നത്. അതുകൊണ്ട് ആ ഖണ്ഡിക ഇപ്രകാരം തിരുത്തപ്പെടേണ്ടതാണ്.

'പാപമോചനത്തിനുള്ള ഏക മാമ്മോദീസായെ ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുകയും മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവിതത്തിനായി നോക്കിപ്പാർക്കുകയും ചെയ്യുന്നു'.

പരസ്പരമുള്ള സമാധാന ചുംബനത്തിനുശേഷം ശുശ്രൂഷക്കാരന്റെ നിർദ്ദേശം ശ്രദ്ധിക്കുക. "നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധവും ദിവ്യവുമായ സമാധാനത്തിനു ശേഷം....." സമാധാനത്തിനുശേഷം എന്നതിനുപകരം 'സമാധാനം പ്രാപിച്ചശേഷം' എന്ന് ഉപയോഗിക്കേണ്ടതാണ്.

തിരുശരീര രക്തങ്ങളുടെ വാഴ്ത്തലിനുശേഷം ഒരു അനുസ്മരണ പ്രാർത്ഥനയും ഒരു കൃതജ്ഞതാ പ്രാർത്ഥനയും പട്ടക്കാരൻ ചൊല്ലേണ്ടതുണ്ട്. എന്നാൽ ആദ്യത്തേതു മാത്രമേ അദ്ദേഹം ചൊല്ലിക്കേൾക്കുന്നുള്ളൂ. ഇവയ്ക്കു രണ്ടിനുമുള്ള പ്രതിവാക്യങ്ങൾ ഒന്നായിട്ടാണ് ശ്രേഷ്ഠാനുമതിയുള്ള കുർബ്ബാന ക്രമത്തിൽ നൽകപ്പെട്ടിട്ടുള്ളത്. എന്നാൽ ഇതു ശരിയല്ല. അനുസ്മരണ പ്രാർത്ഥന അവസാനിക്കുമ്പോൾ ജനം 'സർവ്വശക്തിയുള്ള പിതാവാം ദൈവമേ ഞങ്ങളോടു കരുണ ചെയ്യണമേ' എന്നും കൃതജ്ഞതാ പ്രാർത്ഥനക്കു ശേഷം ജനം 'ദൈവമായ കർത്താവേ നിന്നെ ഞങ്ങൾ സ്തുതിക്കുകയും ..........' എന്ന തുടർന്നുള്ള ഭാഗവും ചൊല്ലേണ്ടതാണ്.

5-ാം തൂബ്ദേനിൽ വചനമാം ദൈവം ശരിയായിത്തീർന്നു എന്ന് നമ്മുടെ കർത്താവേശുമ്ശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ച് സ്പഷ്ടമായി തെളിയിച്ചവനും ..... എന്ന പ്രയോഗം വക്രവും വ്യക്തതയില്ലാത്തതുമായ ഭാഷയാണ്. 'നമ്മുടെ കർത്താവേശുമ്ശിഹായുടെ മനുഷ്യാവതാരം വചനമാം ദൈവത്തിന്റെ ജഡധാരണമായിരുന്നു എന്ന് സ്പഷ്ടമായി തെളിയിച്ചവനും..............' എന്നുള്ളത് ഋജുവും സുഗ്രാഹ്യവുമാണ്.

വി. കുർബ്ബാനക്രമത്തിൽ 4-ാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ കർത്തൃപ്രാർത്ഥനക്കുശേഷം പട്ടക്കാരൻ ജനത്തിന് സമാധാനം ആശംസിക്കുന്നു. ജനത്തിന്റെ പ്രതിവാക്യത്തിനുശേഷം ശ്രേഷ്ഠാനുമതിയുള്ള കുർബ്ബാനക്രമത്തിൽ ശുശ്രൂഷക്കാരന്റെ നിർദ്ദേശം 'അണയ്ക്കപ്പെട്ടിരിക്കുന്ന വിശുദ്ധ രഹസ്യങ്ങൾ കൈക്കൊള്ളുന്നതിനു മുമ്പിൽ......' എന്നാരംഭിക്കുന്നു. 'മുമ്പിൽ' എന്നല്ല മുമ്പ് എന്നാണ് വേണ്ടത്. മുമ്പിൽ എന്നാൽ in front of എന്നും 'മുമ്പ്' എന്നാൽ before എന്നുമാണ് അർത്ഥമെന്നു മനസ്സിലാക്കണം.

ധൂപപ്രാർത്ഥനയുടെ ആരംഭത്തിലുള്ള ഒന്നാം കുക്കുലിയോൻ 45-ാം സങ്കീർത്തനത്തെ ആസ്പദമാക്കിയുള്ളതാണ്. അതിന്റെ ആദ്യവരി 'നിന്നാൾ സ്തുതിയൊടു രാജമകൾ.............' എന്ന് പോകുന്നു. 'നിന്നാൾ' എന്നതിന്റെ അർത്ഥം 'അവൾ നിന്നു' എന്നാകയാൽ 'നിന്നാൾ സ്തുതിയൊടു രാജമകൾ' എന്നതിൽ ഒരു ആവർത്തനമുണ്ട്. അതിനാൽ നില്പു സ്തുതിയൊടുരാജമകൾ' എന്നേ വേണ്ടൂ. മൂന്നും നാലും വരികളുടെ അർത്ഥം അപൂർണ്ണവും മനസ്സിലാക്കാൻ ക്ലേശകരവും ആണ്. നിന്റെ പ്രിയതമന്റെ സ്നേഹം പൂർണ്ണമായി നേടുന്നതിനുവേണ്ടി സ്വജനത്തേയും പിതൃഗൃഹത്തേയുമെല്ലാം ഉപേക്ഷിക്കൂ എന്നാണ് ഈ വരികളുടെ ഉള്ളടക്കം. ഇവ താഴെ കാണുംവിധം മാറ്റിയാൽ അർത്ഥത്തിന് വ്യക്തതയും പൂർണ്ണതയും കൈവരും.

'കാന്തൻ തൻ ഹൃദയം നേടാൻ ഹാലേ......... ഊഹാലേ........

നൃപതനയേ വെടിയൂ സ്വജനം, പിതൃഭവനം, സകലം.'

'നയവാൻ (നീതിമാൻ പന പോലെ തളിർത്തിടുമേ............'

എന്ന ഗീതത്തിൽ മൂന്നും നാലും വരികളിൽ നയവാൻ എന്ന ഏകവചനത്തിനു പകരമായി 'അവർ' എന്നും (മൂന്നാം വരി) അവർക്ക് (4-ാം വരി) എന്നുമാണുള്ളത്. അവ യഥാക്രമം 'അവൻ' എന്നും 'അവന്' എന്നും തിരുത്തേണ്ടതാണ്.

'ഉണ്ടേമേലും നിന്നോർമ്മ' 'പൂക്കുദ്യാനദ്വാരങ്ങൾ' 'മരമതിനുയരെ കർത്താവേ' 'മുടികൾ മുടത്തൊട്ടിത്തകിടും'മുതലായ ഗീതാംശങ്ങൾ ശബ്ദഭംഗിയൊ അർത്ഥവ്യക്തതയൊ ഉള്ളവയല്ല. അവയൊക്കെ തിരുത്തപ്പെടേണ്ടവയാണ്. അരമനപ്പള്ളിയിൽ ഉപയോഗിക്കപ്പെടുന്ന കുർബ്ബാനക്രമത്തിൽ ഇതുപോലെയുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതുപയോഗിച്ചാൽ മദ്ബഹായിൽ നിന്ന് ഇറക്കിവിടുമെന്നായിരുന്നു അച്ചന്റെ താക്കീത്. ആ പുസ്തകവും അന്യൂനമാണെന്ന് ആരും അവകാശപ്പെടുകയില്ല. തെറ്റുകൾ തിരുത്തുന്നതിനെഅംഗീകരിക്കുന്നതിനുള്ള നല്ല മനസ്സ് എല്ലാവർക്കും ഉണ്ടാകേണ്ടതാണ്. ഓരോ തിരുത്തലിനും ശ്രേഷ്ഠാനുമതി വേണമെന്ന് ശഠിക്കുന്നതും ശരിയെന്നു തോന്നുന്നില്ല. ശ്രേഷ്ഠാനുമതി ലഭിക്കുന്നതോടെ തെറ്റുകൾ ശരിയായി മാറുകയുമില്ല. തിരുത്തലിനോട് നിഷേധാത്മകമായ നിലപാട് ഗുണകരമല്ല.

ലേഖനം

# ചൂണ്ടുപലക

**ജോയി മേക്കോട്ടിൽ**

**വി.** മത്താ: 27:59, 60 "ജോസഫ് ശരീരമെടുത്ത് ശുചിയായ ഒരു തുണിയിൽ പൊതിഞ്ഞ് പാറയിൽ വെട്ടിയുണ്ടാക്കിയ തന്റെ പുതിയ കല്ലറയിൽ സംസ്കരിച്ചു."

മരണം രംഗബോധമില്ലാത്ത ഒരു കോമാളിയെപ്പോലെയാണെന്ന് കുറിച്ചിട്ടത് മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരൻ എം.ടി. വാസുദേവൻനായരാണ്. ശരി തന്നെയിത്. മനുഷ്യജീവിതത്തെ കാലത്തിന്റെ പല കള്ളികളിൽ തളച്ചിടുന്നവരാണ് നാം. വർഷങ്ങളും, മാസങ്ങളുമൊക്കെയായി! അതും പോരാഞ്ഞ് ശാസ്ത്രബോധം വളർന്നതോടെ മണിക്കൂറുകളും, മിനിറ്റുകളുമൊക്കെ പഴം കഥകളാക്കി. ജീവിതത്തിലെ സെക്കന്റിൽ ഒരു അംശത്തെപ്പോലും നാം വേർതിരിച്ചെടുക്കുന്നു. പക്ഷേ ഈ കാലബോധത്തെയെല്ലാം തോല്പിച്ചുകളയുന്നത് ഒന്നേയുള്ളൂ. മരണം! സുനിശ്ചിതമായി ഒരു അനിശ്ചിതത്വമായി എപ്പോൾ വേണമെങ്കിലും മരണമെത്താം. അതുകൊണ്ടാവണം ചിലരതിന്റെ ദേവനെ കാലനെന്നു വിളിയ്ക്കുന്നത്. നമ്മുടെ കാലബോധത്തെ തോല്പിച്ചുകളയുന്നത് തന്നെ മരണം! നമ്മിലെത്രപേർ ഈ ഒരവബോധത്തോടെ ജീവിതത്തെ സമീപിക്കുന്നുണ്ട്.

ഇതാണ് അരിമത്യാക്കാരൻ ജോസഫിന്റെ പ്രത്യേകത നല്ലവനും, നീതിമാനുമെന്ന് സുവിശേഷം ഉദ്ഘോഷിക്കുന്ന, ധനത്തിലും ഭക്തിയിലും സമ്പന്നനായിരുന്ന ജോസഫ് അവന്റെ സമ്പന്നതയുടെ തോട്ടങ്ങൾക്കു നടുവിൽ ഒരു കല്ലറ കൂടി പണിതുയർത്തി എന്നു വായിക്കുമ്പോൾ അയാൾ ജീവിതത്തെ എത്ര ധ്യാനപൂർവ്വം കണ്ടിരുന്നു എന്നു വ്യക്തമാകും! പൂഴിയിൽ നിന്ന് ദൈവം കൈകൊണ്ട് മെനഞ്ഞെടുത്ത് ജീവശ്വാസം ഊതിയപ്പോൾ മനുഷ്യരായി തീർന്നവർ നമ്മൾ! എന്നു വച്ചാൽ മണ്ണുംവിണ്ണും കൂടി ചേർന്നാണ് നാം രൂപപ്പെട്ടതെന്ന് തിരിച്ചറിയുന്നവനേ ദൈവശ്വാസം ഉള്ളിൽ വഹിക്കുന്ന കളിമൺകൂടാരങ്ങൾ മാത്രമാണ് ഞാനെന്ന ധ്യാനത്തോടെ ജീവിക്കാനാവൂ! ഇതാകണം ജോസഫിനെ തനിയ്ക്കായി കല്ലറ പണിയാൻ പ്രേരിപ്പിച്ചതും!

ഈ കാലം നമ്മിളിലേല്പിച്ച ക്ഷതങ്ങളിലൊന്ന് ഈ ഒരവബോധം പോലും അന്യവത്ക്കരിച്ചു എന്നതാണ്. ആവുന്നത്ര വെട്ടിപ്പിടിയ്ക്കുക, മതിയാവുന്നത്ര സുഖിക്കുക, കഴിയുമെങ്കിൽ മരിക്കാതിരിക്കുക, ഇതു തന്നെയിന്ന് നമ്മുടെ ഇഷ്ടങ്ങൾ! അവസാനമായി ഒരു യാത്രയുണ്ടെന്നും, ഒന്നും കൊണ്ടുപോകാനാവതില്ലീ യാത്രയിലെന്നുമൊക്കെ ഓർമ്മിക്കാൻപോലും മറന്നുപോയവർ നമ്മൾ! ലോകത്തെ കീഴടക്കിയ ചക്രവർത്തിമാരിൽ ഒരാളുടെ, മഹാനായ അലക്സാണ്ടറുടെ പഴം കഥകളിലൊന്നുണ്ടല്ലോ. അദ്ദേഹം മരിച്ചപ്പോൾ ഇരുകരങ്ങളും ശവമഞ്ചത്തിന് പുറത്തേയ്ക്കിട്ടാണത്രേ അടക്കിയത്. ഏറെ വെട്ടിപ്പിടിച്ചെങ്കിലും ഇതാ ഈ യാത്രയിൽ ഈ കരങ്ങൾ ശൂന്യമെന്ന് വെളിപ്പെടുത്തിക്കൊണ്ട്! അതദ്ദേഹത്തിന്റെ ആവശ്യപ്രകാരമായിരുന്നു. എവിടുന്നാണ് ധീരനായ ഈ പോരാളിയ്ക്ക് ഈ വെളിച്ചം കിട്ടിയത്? ഞാൻ കരുതുന്നു അലക്സാണ്ടറുടെ ഗുരുവായിരുന്ന ഡയോജനിസ്സിൽ നിന്നു തന്നെ! കഥയിങ്ങനെ! ഒരിക്കൽ ലോകം വെട്ടിപ്പിടിച്ച അലക്സാണ്ടർ ചക്രവർത്തി ഗുരുവിനെ തേടിയെത്തുന്നു! ഗുരുദക്ഷിണയുമായി! പുലരിവെയിൽ കാഞ്ഞുകൊണ്ടിരുന്ന ഗുരു നിസ്സംഗതയോടെ ചക്രവർത്തിയെ വിലക്കി. ഒന്നും വേണ്ട! ശിഷ്യനാകട്ടെ ഗുരു എന്തെങ്കിലുമൊന്ന് വാങ്ങിയേ പറ്റൂ എന്ന ശാഠ്യത്തിലും! ഒടുവിൽ ശിഷ്യന്റെ ശാഠ്യത്തിനു വഴങ്ങി ഗുരു പറഞ്ഞു "പ്രിയപ്പെട്ട കുഞ്ഞേ നിർബന്ധമെങ്കിൽ ഈ പുലർവെയിൽ തടയാതിരിക്കുക. അതുതന്നെയിപ്പോൾ എനിക്കുള്ള ഗുരുദക്ഷിണ!" ശിഷ്യൻ നിശ്ശബ്ദനായി നടന്നുനീങ്ങി! ഇത്ര ലളിതമീ പാഠങ്ങൾ! ഈ വെയിൽ നൽകാൻ ഉടയവനേകഴിയൂ എന്ന്. ഇന്ന് നമുക്കിങ്ങനെയുള്ള ഗുരുക്കന്മാർ നഷ്ടമാകുന്നുണ്ടോ? ഗുരുക്കന്മാർ ഒരു ചൂണ്ടുപലകയാണ്. നാം നിൽക്കുന്നിടവും എത്തേണ്ടിടവും സദാ നമ്മെ ഓർമ്മപ്പെടുത്തുന്നവർ! ക്രിസ്തു ജോസഫിന് നൽകിയതും ഈ ഓർമ്മപ്പെടുത്തലുകളായിരുന്നുവല്ലോ!

ഇന്ന് ഇതില്ലാത്തതുകൊണ്ടാവും ആഴമിരുളുന്ന കാലത്തിനു മീതെ, കവണക്കൈകളുള്ള കമ്പോളങ്ങൾക്കുമീതെ, തോക്കിൻകണ്ണുള്ള നഗരങ്ങൾക്കുമീതെയൊക്കെ ചിറകുറയ്ക്കാതെ പറക്കുകയാണ് നമ്മൾ. അറിവാണ് ചിറകുകളെന്നും ചിറകുറയ്ക്കാതെ പറക്കരുതെന്നും നമ്മെ ഓർമ്മപ്പെടുത്താൻ. ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട നമ്മൾ ഈ ഭൂമിയിൽ ദൈവത്തിന്റെ മുഖം വഹിക്കുന്നു എന്നെങ്കിലും ഒന്നോർമ്മപ്പെടുത്താൻ...... സ്വജീവിതം കൊണ്ട് ഇങ്ങനെ നിരന്തരമോർമ്മപ്പെടുത്തിയിരുന്ന ഒരു പാവം പുരോഹിതനായിരുന്നുവല്ലോ ബഹു. ജേക്കബ് അച്ചൻ! അദ്ദേഹത്തെയും ഗുരു എന്നു വിളിക്കേണ്ടേ? തീർച്ചയായും!

ജോസഫ് അവനായി കരുതിവച്ച കല്ലറയിലാണ് ക്രിസ്തുവിനെ സംസ്ക്കരിച്ചത്. നാം നമുക്കായി കരുതിവയ്ക്കുന്നിടങ്ങളിൽ ക്രിസ്തുവിനെ പ്രതിഷ്ഠിക്കാൻ.... അപ്പോഴാണൊരു ജന്മം സാർത്ഥകമായി മാറുക! ഇവിടെ തനിയ്ക്കപ്പുറം ക്രിസ്തു പ്രതിഷ്ഠിക്കപ്പെടണമെന്നാഗ്രഹിച്ച കർമ്മത്തിന്റെ സാർത്ഥകമായ സാക്ഷ്യങ്ങൾക്ക് മുമ്പിൽ കൂപ്പുകൈകളോടെ....

MINISTRY OF HUMAN EMPOWERMENT - MALANKARA ORTHODOX CHURCH

SYNERGIA

കുടുംബങ്ങൾക്ക്

ഊർജ/ജലസംരക്ഷണ പാഠം

## ആധാരവാക്യം

> *ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻ മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു. ഉല്പത്തി 1:2*

മലങ്കര ഓർത്തഡോക്സ് സഭയുടെ മാനവശാക്തീകരണ ശുശ്രൂഷ (The Ministry of Human Empowerment) കഴിഞ്ഞ 8 വർഷമായി കുടുംബങ്ങളെ കേന്ദ്രീകരിച്ചുള്ള പഠനങ്ങളും ചിന്തകളും നടത്തിവരുകയാണല്ലോ. നമ്മുടെ കുടുംബങ്ങൾ ദൈനംദിനം നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും പഠനവിധേയമാക്കുകയും അവയ്ക്ക് ഇന്നത്തെ സാഹചര്യങ്ങൾക്ക് അനുഗുണമായ പരിഹാരം നിർദ്ദേശിക്കുകയുമാണ് ഈ ശുശ്രൂഷ ചെയ്തുവരുന്നത്. കുടുംബബന്ധങ്ങളിലെ സുദൃഢതയും സുതാര്യതയും കേന്ദ്രീയ വിഷയമാണെങ്കിലും കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന മറ്റു പ്രതിസന്ധികളും കൂടി ഉൾക്കൊണ്ടുകൊണ്ടാണ് പഠനവിഷയവും അനുബന്ധ പരിപാടികളും ആവിഷ്ക്കരിക്കുന്നത്. ലോകത്തിലെ മുഴുവൻ ജനപദങ്ങളെയും, വിശേഷാൽ ഭാരതത്തിലെ കുടുംബങ്ങളെ ബാധിക്കുന്ന ഗൗരവതരമായ പ്രശ്നമാണ് ഊർജ്ജ പ്രതിസന്ധിയും ജലക്ഷാമവും. ഈ വിഷയത്തിന്റെ ദൈവശാസ്ത്രപരമായ തലങ്ങൾ അനാവരണം ചെയ്യുന്നതോടൊപ്പം വരുംനാളുകളിൽ നമ്മുടെ അനന്തരതലമുറയ്ക്കുവേണ്ടി നാം അടിയന്തിരമായി ചെയ്തുവയ്ക്കേണ്ട കർമ്മപദ്ധതികളും കൂടി ഉൾപ്പെടുത്തിയാണ് ഈ പ്രോജക്റ്റ് അവതരിപ്പിക്കുന്നത്. ഈ വിഷയത്തിന്റെ അർത്ഥവും വ്യാപ്തിയും ഉൾച്ചേർത്തിരിക്കുന്ന അർത്ഥപൂർണ്ണമായ ഒരു ശീർഷകമാണ് '**സിനെർഗിയ**' എന്നുള്ളത്.

### എന്താണ് സിനെർഗിയ (SYNERGIA)?

നമുക്ക് ഏറെക്കുറെ അപരിചിതമായ ഒരു പദമായിരിക്കാം സിനെർഗിയ എന്നത്. ക്രിസ്തീയ ദൈവശാസ്ത്രത്തിൽ വളരെ പ്രാധാന്യമുള്ളതും അർത്ഥഗർഭവുമായ ഒരു പ്രയോഗമാണ് ഇത്. എന്നാൽ ഈ പ്രോജക്റ്റിൽ ഈ വാക്കിന്റെ ആക്ഷരികവും പ്രായോഗികവുമായ അർത്ഥം മാത്രമാണ് ഉദ്ദേശിക്കുന്നത്. ഗ്രീക്ക് ഭാഷയിലെ സുനെർഗോസ് എന്ന പദത്തിൽ നിന്നാണ് ഉത്ഭവം. 'കൂട്ടായ ജോലി' 'യോജിച്ചുള്ള പ്രവർത്തനം' (joint action, united effort) എന്നൊക്കെയാണ് അർത്ഥം. 1 കൊരി. 3:9 ൽ 'ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ' എന്ന പ്രസ്താവനയിലും 1 കൊരി. 16:16 ൽ 'കൂടെ പ്രവർത്തിക്കുകയും അദ്ധ്വാനിക്കുകയും' എന്ന ഭാഗത്തും വി. പൗലോസ്ശ്ലീഹാ ഉപയോഗിച്ചിരിക്കുന്ന പദം ഇതാണ്. ഗ്രീക്ക് ഭാഷയിലെ ergon എന്ന പദത്തിൽ നിന്നുതന്നെയാണ് 'എനർജി' അഥവാ ഊർജ്ജം എന്ന പദവും ഉണ്ടായിട്ടുള്ളത്. ആയതിനാൽ 'ഊർജ്ജ സംരക്ഷണത്തിനുവേണ്ടി കുടുംബങ്ങളുടെ കൂട്ടായ പ്രവർത്തനം' എന്ന രീതിയിൽ ഈ ശീർഷകത്തെ വ്യാഖ്യാനിക്കാവുന്നതാണ്. (United Action of Families to Conserve Energy & Water)

### സിനെർഗിയ-ഇടവകകളുടെ പങ്ക്

പരി. കാതോലിക്കാ ബാവ തിരുമനസ്സിലെ 294/16 നമ്പർ കല്പന അനുസരിച്ച്

1. 2017 മലങ്കര ഓർത്തഡോക്സ് സഭയുടെ ഊർജ്ജ-ജല സംരക്ഷണ വർഷമാണെന്നും ഭവനങ്ങളിലും ഇടവകകളിലും ഈ ഒരു വർഷം ഊർജ്ജ-ജല പരിപാലനത്തിനായുള്ള വിവിധ പാഠങ്ങൾ പകർന്നു നൽകുമെന്നും അറിയിക്കുക.
2. സിനെർഗിയയുടെ ഒരു ബാനർ പള്ളിയങ്കണത്തിൽ സ്ഥാപിക്കുക.
3. ഈ പ്രോജക്റ്റിനായി ഓരോ ഭദ്രാസനത്തിൽ നിന്നും പരിശീലനം നേടിയിട്ടുള്ള റിസോഴ്സ് പേഴ്സൺസിനെയോ ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് വിദഗ്ദ്ധരെയോ പള്ളിയിൽ ക്ഷണിച്ച് ക്ലാസ്സുകളും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കുക.
4. ഊർജ്ജം, ജലം ഇവയുടെ പ്രാധാന്യം സംബന്ധിച്ചും അതിന്റെ ദൈവശാസ്ത്ര അടിസ്ഥാനങ്ങൾ സംബന്ധിച്ചും ജനങ്ങളെ ബോധവത്ക്കരിക്കുക.
5. പള്ളിയിൽ പൂർണ്ണമായോ ഭാഗികമായോ പാരമ്പര്യേതര ഊർജ്ജ സംവിധാനങ്ങൾ ഉണ്ടാക്കുക (സൗരോർജ്ജ പാനലുകൾ, കാറ്റാടിയന്ത്രങ്ങൾ മുതലായവ. നമ്മുടെ പരുമല സെമിനാരിപ്പള്ളിയിൽ ഇപ്പോൾ പൂർണ്ണമായും സോളാർ വൈദ്യുതിയാണ് ഉപയോഗിക്കുന്നത്).

6. പള്ളിക്ക് കിണറോ ടാങ്കുകളോ ഉണ്ടെങ്കിൽ അവ ശുദ്ധിയായി സൂക്ഷിക്കുക.

7. **വാഹനരഹിത ഞായർ**

   2017 മാർച്ച് 25 ശനി അന്താരാഷ്ട്ര ഭൗമദിനമായതിനാൽ പിറ്റേന്ന് (26 ഞായർ) ആരാധനയ്ക്കായി പള്ളിയിൽ വരുമ്പോൾ സ്വകാര്യവാഹനങ്ങൾ ഒഴിവാക്കി കാൽനടയായോ സൈക്കിളിലോ പൊതുവാഹന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയോ യാത്രചെയ്യുവാൻ ആഹ്വാനം ചെയ്യുക.

8. പള്ളിപ്പെരുന്നാളുകൾ, ഇടവകസംബന്ധമായ മറ്റു ചടങ്ങുകൾ ഇവ ആർഭാടരഹിതമായും ഊർജ്ജ ഉപയോഗം കുറച്ചും സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുക.

9. ഇടവകകൾ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ മഴവെള്ള സംഭരണി ശുദ്ധജലത്തിന്റെ ലഭ്യത ഇവ ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കുക.

10. യുവജനപ്രസ്ഥാനം സണ്ടേസ്കൂൾ വിദ്യാർത്ഥി പ്രസ്ഥാനം, മർത്തമറിയം സമാജം, പ്രാർത്ഥനായോഗങ്ങൾ തുടങ്ങിയ ആത്മീയ സംഘടനകൾ ഈ വിഷയം ഏറ്റെടുക്കുകയും ഇടവകയിൽ ഊർജ്ജ-ജലസംരക്ഷണത്തിനായുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം.

11. ഊർജ്ജ-ജലസംരക്ഷണം സംബന്ധിച്ച ലഘുലേഖകൾ, കൈപ്പുസ്തകങ്ങൾ, പഠനോപാധികൾ മുതലായവ ജനങ്ങൾക്ക് ലഭ്യമാക്കുക.

12. അനാവശ്യമായി പ്രവർത്തിക്കുന്ന വൈദ്യുതോപകരണങ്ങൾ ഒഴിവാക്കുകവഴി വൈദ്യുതി ദുരുപയോഗം തടയാം.

13. മന്മ കൂടിയ ഉപകരണങ്ങൾ തെരഞ്ഞെടുക്കാൻ ബി.ഇ.ഇ. സ്റ്റാർ ലേബലിംഗും ഐ.എസ്.ഐ. മുദ്രയും സഹായിക്കുന്നു.

14. പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുവാൻ പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിച്ചും പുതിയ പ്രസരണ വിതരണലൈനുകൾ നിർമ്മിച്ചും സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ വേണ്ടത് ചെയ്യിക്കുവാനുള്ള പരിശ്രമം. ☐

## മർത്തമറിയം വനിതാസമാജം ധ്യാനയോഗം

മർത്തമറിയം വനിതാസമാജം കണ്ടനാട് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലുള്ള ഏകദിനധ്യാനയോഗം 2017 മാർച്ച് 25 ശനിയാഴ്ച പാങ്കോട് സെന്റ്ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. രാവിലെ 7.15 ന് പ്രഭാത നമസ്ക്കാരവും 8 ന് വിശുദ്ധ കുർബ്ബാനയും ആരംഭിക്കും. പ്രഭാതഭക്ഷണത്തിനുശേഷം 9.50 ന് ആരംഭിക്കുന്ന ധ്യാനയോഗം 2 മണിക്ക് അവസാനിക്കുന്നതാണ്. അഭി. തിരുമേനിയും റവ. ഫാ. കെ.വി. ഏലിയാസും ധ്യാനം നയിക്കുന്നതാണ്. പാങ്കോട് സെന്റ് ജോൺസ് പള്ളി വികാരി റവ. ഫാ. ബിനോയി ജോൺ സ്വാഗതവും സമാജം സെക്രട്ടറി റീന ജോയി കൃതജ്ഞത അർപ്പിക്കുന്നതുമാണ്.

## അനുമോദനങ്ങൾ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുക്കപ്പെട്ട ഫാ. ഡോ. എം.ഒ. ജോൺ അച്ചനും അത്മായ ട്രസ്റ്റിയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ജോർജ് പോളിനും കണ്ടനാട് ഈസ്റ്റ് ഭദ്രാസനം പ്രാർത്ഥനാപൂർവ്വമായ മംഗളങ്ങൾ നേരുന്നു. ഫലപ്രദമായ സഭാശുശ്രൂഷ ഈ കാലഘട്ടത്തിൽ സാധ്യമാക്കുന്നതിനും ദൈവരാജ്യമൂല്യങ്ങളിലേക്കും സഭയെ സാക്ഷ്യജീവിതത്തിലേക്കും നയിക്കുന്നതിനും ആയതിന് ആവശ്യമായ മാതൃകാപരമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നതിനും പുതിയ സ്ഥാനികൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

## മാനേജിഗ് കമ്മറ്റി അംഗങ്ങൾക്ക് അനുമോദനങ്ങൾ

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽ നിന്ന് മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കൊച്ചുപറമ്പിൽ വന്ദ്യ ഗീവർഗീസ് റമ്പാൻ, ഫാ. ജോൺ മൂലാമറ്റം, ശ്രീ. സുരേഷ് മൈക്കിൾ കുഴികണ്ടത്തിൽ, ശ്രീ. പോൾ സി. വർഗീസ് ചെമ്പകശ്ശേരിൽ, ശ്രീ. ഷിജു ജോസഫ് കാഞ്ഞിരത്തിങ്കൽ എന്നിവർക്ക് കണ്ടനാട് ഈസ്റ്റ് ഭദ്രാസനം എല്ലാ ഭാവുകങ്ങളും നേരുന്നു. മാനേജിംഗ് കമ്മറ്റിയംഗം എന്നുള്ള പ്രവർത്തനകാലഘട്ടം സഭാ ശുശ്രൂഷയ്ക്ക് വേണ്ടിയുള്ള സമർപ്പിത കാലഘട്ടമായി മാറട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## വൈദിക ധ്യാനയോഗം

കണ്ടനാട് ഭദ്രാസന വൈദികരുടെ വലിയ നോമ്പിനോടനുബന്ധിച്ചുള്ള ധ്യാനയോഗം 2017 മാർച്ച് 30 വ്യാഴാഴ്ച പാമ്പാക്കുട സമന്വയ സ്റ്റഡി & ഡയലോഗ് സെന്ററിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. അഭി. ഇടവക മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ഞാലിയാംകുഴി ആശ്രമാധിപൻ ഫാ. സക്കറിയ നൈനാൻ (സഖേർ) ധ്യാനം നയിക്കുന്നതാണ്. രാവിലെ 9 ന് 3-ാംമണി നമസ്ക്കാരത്തോടെ ആരംഭിച്ച് വൈകിട്ട് 3 ന് 9-ാം മണി നമസ്ക്കാരത്തോടെ അവസാനിക്കുന്നതാണ്.

RNI No. KERMAL/2012/46014 Date of Publication 15-3-2017 Licence No. KL/CR/ALU/WPP-04/2016-18
Registered. Reg. No. KL/ALY/0067/2016-2018 Price Rs. 10/- Licensed to Post Without Pre-payment



## മലങ്കര അസ്സോസിയേഷൻ മെത്രാസനതലയോഗം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽ നിന്ന് മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് അംഗങ്ങളായി തെരഞ്ഞെടുക്കുന്നതിന് നാമനിർദ്ദേശം ചെയ്യുന്നതിലേയ്ക്കായി പരി. കാതോലിക്കാബാവയുടെ 291/2016-ാം നമ്പർ കല്പന അനുസരിച്ചുള്ള യോഗം 2017 ഫെബ്രുവരി മാസം 12-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ നിന്ന് മാനേജിംഗ് കമ്മിറ്റിയിലേക്കുള്ള വൈദിക പ്രതിനിധികളായി കൊച്ചുപറമ്പിൽ വന്ദ്യ ഗീവർഗീസ് റമ്പാൻ, ഫാ. ജോൺ മൂലാമറ്റം എന്നിവരെയും അത്മായ പ്രതിനിധികളായി വെട്ടിത്തറ മാർ മിഖായേൽ പള്ളി ഇടവകാംഗമായ കുഴികണ്ടത്തിൽ സുരേഷ് മൈക്കിൾ, ഞാറക്കാട് സെന്റ് ജോൺസ് പള്ളി ഇടവകാംഗമായ ചെമ്പകശ്ശേരിൽ പോൾ സി. വർഗീസ് (ലൈജു), പിറവം വലിയപള്ളി ഇടവകാംഗമായ കാഞ്ഞിരത്തിങ്കൽ ഷിജു ജോസഫ് എന്നിവരെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യാൻ തീരുമാനിച്ചു. തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് ഇടവക മെത്രാപ്പോലീത്ത നിയമിച്ച നിരപ്പേത്തോട്ടത്തിൽ അഡ്വ. ജെയിംസ് ജോൺ വരണാധികാരിയായിരുന്നു. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് കണ്ടനാട് (E) ഭദ്രാസനത്തിന്റെ ആശംസകൾ നേർന്നുകൊണ്ട് ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് സംസാരിച്ചു. യോഗത്തിൽ ഭദ്രാസന സെക്രട്ടറി സ്വാഗതവും ഭദ്രാസന ഓഫീസ് മാനേജർ നന്ദിയും പ്രകാശിപ്പിച്ചു.

## പ്രൊഫ. ഡോ. എം. പി. മത്തായി സഭാ മാനേജിംഗ് കമ്മറ്റിയിലേക്ക്

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രൽ ഇടവകാംഗവും സാമൂഹ്യ-സാംസ്ക്കാരിക-വിദ്യാഭ്യാസ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച ആളുമായ പ്രൊഫ. ഡോ. എം. പി. മത്തായിയെ പരി. കാതോലിക്കാബാവ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിലേക്ക് നോമിനേറ്റ് ചെയ്തു. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് പ്രിൻസിപ്പാൾ, മഹാത്മാഗാന്ധി സർവ്വകലാശാല ഗാന്ധിയൻ പഠന വിഭാഗം മേധാവി, വിവിധ ദേശീയ അന്തർ ദേശീയ യൂണിവേഴ്സിറ്റികളിലെ വിസിറ്റിംഗ് പ്രൊഫസർ, പ്രാദേശിക ദേശീയ തലത്തിൽ വിവിധ ജനകീയ പ്രസ്ഥാനങ്ങളുടെയും ജനകീയ മുന്നേറ്റങ്ങളുടെയും നേതൃത്വം വഹിച്ചിട്ടുള്ള ആൾ, കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ പാമ്പാക്കുടയിൽ പ്രവർത്തിക്കുന്ന സമന്വയ എക്യുമെനിക്കൽ സ്റ്റഡി & ഡയലോഗ് സെന്റർ ഡയറക്ടർ എന്നിങ്ങനെ പഠന-ഗവേഷണ പ്രവർത്തനരംഗങ്ങളിൽ മികവ് തെളിയിച്ച ആളാണ് ഇദ്ദേഹം. 2002 മുതൽ 2007 കാലഘട്ടത്തിൽ കണ്ടനാട് ഭദ്രാസനത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സഭാ മാനേജിംഗ് കമ്മറ്റി അംഗമായിരുന്നു. പുതിയ സ്ഥാനലബ്ദിയിൽ എല്ലാ ആശംസകളും നേരുന്നു.

## മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ 2017

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ സുപ്രധാന ഭരണനിർവ്വഹണ സമിതിയായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പരി. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതിയൻ ബാവായുടെ മഹനീയ അദ്ധ്യക്ഷതയിൽ കോട്ടയം മാർ ഏലിയാ കത്തീഡ്രൽ അങ്കണത്തിൽ വച്ച് നടത്തപ്പെട്ടു. മലങ്കരസഭയുടെ വിവിധ ഇടവകകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അസ്സോസിയേഷൻ അംഗങ്ങളുടെ രജിസ്ട്രേഷനോടെ യോഗനടപടികൾ ആരംഭിച്ചു. രജിസ്ട്രേഷൻ പൂർത്തിയാക്കി അസ്സോസിയേഷൻ കൂടുന്ന വേദിയിലേക്ക് മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെയും സിനഡ് അംഗങ്ങളുടെയും അകമ്പടിയോടെ പരി. കാതോലിക്കാബാവയെ ആനയിച്ചു. തുടർന്ന് യോഗനടപടികൾ ആരംഭിച്ചു. ആമുഖപ്രാർത്ഥനയ്ക്കുശേഷം ഫാ. ബിജു ആൻഡ്രൂസ് ധ്യാനം നയിച്ചു. തുടർന്ന് അസ്സോസിയഷൻ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ് പരി. കാതോലിക്കാ ബാവയുടെ നോട്ടീസ് കല്പന വായിച്ചു. അതിനുശേഷം ഭക്തിപ്രമേയവും തുടർന്ന് അനുശോചന പ്രമേയവും അവതരിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. അതേത്തുടർന്ന് വിവിധ ഭദ്രാസനങ്ങളിൽ നിന്ന് മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്ന അംഗങ്ങളെ ഐകകണ്ഠേന തെരഞ്ഞെടുത്തയായി പരി. കാതോലിക്കാബാവ പ്രഖ്യാപിച്ചു. തുടർന്ന് നടന്ന വോട്ടെടുപ്പിൽ ഫാ. ഡോ. എം.ഒ. ജോൺ വൈദിക ട്രസ്റ്റിയായും ശ്രീ. ജോർജ് പോൾ അത്മായ ട്രസ്റ്റിയായും തെരഞ്ഞെടുക്കപ്പെട്ടു. ഇവർ തല്സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിവരം പരി. കാതോലിക്കാബാവ ഔദ്യോഗികമായി യോഗത്തിൽ പ്രഖ്യാപിച്ചതോടെ യോഗനടപടികൾ പര്യവസാനിച്ചു. സംഘാടക മികവുകൊണ്ടും ചിട്ടയായ ക്രമീകരണങ്ങൾ കൊണ്ടും അസോസിയേഷൻ യോഗത്തിന്റെ നടത്തിപ്പ് പ്രശംസനീയമായിരുന്നു.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha